# സബ്മിഷൻ

## സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തര ചടങ്ങ്

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, കാസർഗോഡ് ജില്ലയിലെ അറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഇ. കൃഷ്ണൻ മാസ്റ്റർ 15-ാം തീയതി മരണപ്പെട്ടു. അദ്ദേഹത്തിന് 93 വയസ്സായിരുന്നു. സാധാരണ ഗതിയിൽ സർക്കാരിന്റെ ബഹുമതിയോടുകൂടിയാണ് സ്വാതന്ത്ര്യസമര സേനാനിയുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നത്. ജില്ലാ ഭരണകൂടം അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുകയാണ് സംസ്ഥാനത്ത് സാധാരണ നടന്നുവരുന്ന പതിവ്. എന്നാൽ ഇ. കൃഷ്ണൻ മാസ്റ്ററുടെ ചരമവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുനടപടിയും ജില്ലാ ഭരണകൂടം സ്വീകരിച്ചില്ല. അതിനെതിരായി ആ നാട്ടിലാകെ വലിയ പ്രചാരണം നടക്കുകയാണ്. ഇ. കൃഷ്ണൻ നായരുടെ ഭൗതിക ശരീരത്തോട് കാണിച്ച അനാദരവിനെക്കുറിച്ച് വലിയ ന്യൂസാണ് ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ വന്നിട്ടുള്ളത്. എന്തുകൊണ്ട് അങ്ങനെ ചെയ്തുവെന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് അറിയാമോ? മരണവിവരം അറിഞ്ഞപ്പോൾ ജില്ലാ ഭരണകൂടത്തെക്കൊണ്ട് കാര്യങ്ങൾ ചെയ്യിപ്പിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പും ഭരണകൂടവും എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്ന കാര്യം അറിയുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സ്വാതന്ത്ര്യ സമര സേനാനി ഇ. കൃഷ്ണൻ മാസ്റ്റർ 15.02.2013-ൽ മരണപ്പട്ടതിനെത്തുടർന്ന് വില്ലേജ് ഓഫീസർ, കാസർഗോഡ് തഹസിൽദാർ, ജില്ല കളക്ടർ എന്നിവർ മരണാനന്തര ചടങ്ങിൽ പങ്കെടുക്കുകയും റീത്ത് സമർപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യ

സമര സേനാനികൾ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങിന് ഔദ്യോഗിക ബഹുമതി നൽകാറില്ല. റീത്ത് സമർപ്പിക്കുകയും മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിട്ടുള്ള സാമ്പത്തിക സഹായം നൽകുകയുമാണ് ചെയ്തുവരുന്നത്.

**ദേശീയ ദിനാചരണത്തിന് പണം ലഭ്യമാക്കൽ**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും നമുക്ക് നൽകുന്ന ആഹ്ലാദവും രോമാഞ്ചവും വർണ്ണനാതീതമാണ്. ആ സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ആഘോഷിക്കുന്നതിൽ സർക്കാർ നിർവികാരത പുലർത്തുന്നുവെന്നത് അക്ഷന്തവ്യമായ അനാസ്ഥയാണ്. സ്വാതന്ത്ര്യദിനവും റിപ്പബ്ലിക് ദിനവും ആഘോഷിക്കുവാൻ സർക്കാരിന്റെ കയ്യിൽ പണമില്ലെന്നുണ്ടോ? 64-ാമത് റിപ്പബ്ലിക് ദിനാഘോഷം നടത്തിപ്പിന് സംസ്ഥാന സർക്കാർ ഒരു രൂപ പോലും അനുവദിച്ചില്ല. സംഭാവനയും സഹകരണവും തേടിയാണ് ജില്ലാതലത്തിൽ റവന്യൂ അധികൃതർ ആഘോഷം പൊലിപ്പിക്കുവാൻ ഒരുങ്ങിയത്. വർഷങ്ങളായി തുടരുന്ന രീതി തെറ്റായ കീഴ്വഴക്കങ്ങൾക്ക് വഴിവയ്ക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഏകദേശം ഒന്നര ലക്ഷം രൂപയാണ് ജില്ലാതല റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ബഡ്ജറ്റ്. അത് കണ്ടെത്തുന്നതിന് തഹസിൽദാർമാരെ ചുമതലപ്പെടുത്തുകയാണ് വർഷങ്ങളായുള്ള പതിവ്. അവർ വില്ലേജ് തലത്തിലേയ്ക്ക് ക്വാട്ട നിശ്ചയിച്ച് പിരിവ് ഏൽപ്പിക്കുന്നു. ദേശീയ ദിനാഘോഷത്തിനുള്ള തുക മണൽ കടത്തുകാരിൽ നിന്നും ക്വാറി ഉടമകളിൽ നിന്നുമാണ് പലപ്പോഴും വില്ലേജ് അധികൃതർ പിരിക്കുന്നത്. ദേശീയദിനാചരണത്തിന്റെ മുന്നോടിയായി രണ്ടു ദിവസം പരിശീലനവും നടക്കാറുണ്ട്. അതിന് കുട്ടികളെയും പോലീസുകാരെയും

എത്തിക്കുവാനും തിരിച്ച് കൊണ്ടാക്കുവാനുമുള്ള ചെലവ് കൂടുതലാണ്. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് തന്നെ പതിനായിരക്കണക്കിന് രൂപ ജില്ലാ ഭരണകൂടങ്ങൾ നൽകാനുണ്ട്. വാടകയും ഇന്ധനച്ചെലവും നൽകാമെന്ന ഉറപ്പിൽ സർവ്വീസ് നടത്തിയതിനുശേഷം പണം കിട്ടാത്ത സ്വകാര്യ വാഹന ഉടമകളുമുണ്ട്. പരിശീലനത്തിന് എത്തുന്നവർക്ക് ഭക്ഷണം നൽകുന്ന വകയിലും ചെലവേറെയാണ്. ഇത്തരത്തിലുള്ള ആഘോഷത്തിന് പണം സർക്കാർ അനുവദിക്കണമെന്ന ആവശ്യത്തിന് പഴക്കമേറെയാണ്. എന്നാൽ അത് സർക്കാരിന് ബാധ്യതയില്ലാത്ത രീതിയിൽ നടത്തിക്കൊണ്ടു പോയാൽ മതിയെന്ന നിലപാട് തുടരുകയാണിപ്പോഴും. ഈ നിലപാട് മാറ്റണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സ്വാതന്ത്ര്യദിനം റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ദിനാചരണത്തിന് നിലവിൽ ജില്ലാ ഭരണകൂടങ്ങൾക്ക് സർക്കാർ പ്രത്യേകമായി പണം അനുവദിക്കാറില്ല. ഇതിനായി പ്രത്യേക അക്കൗണ്ടും നിലവിലില്ല. എന്നാൽ ദേശീയ ദിനാചരണത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികളെയും, സ്കൗട്ട്, ഗൈഡ്സ്, എൻ.സി.സി കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളെയും ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിനായി, അവരുടെ യാത്രയ്ക്കും ലഘു ഭക്ഷണത്തിനുമുള്ള ചെലവുകൾ ജില്ലാ ഭരണകൂടം വഹിക്കണമെന്ന് നിർദ്ദേശിക്കാറുണ്ട്. പല ജില്ലകളിലും ഈ വകയിൽ കൊടുത്തുതീർക്കുവാനുള്ള കുടിശ്ശികയുള്ളതായി സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്. പ്രധാനമായും കെ.എസ്.ആർ.ടി.സി-ക്കും സ്വകാര്യ ബസ്സുകൾക്കുമാണ് കൊടുക്കുവാനുള്ളത്. ജില്ലാ ഭരണകൂടങ്ങൾ വഴി കൊടുത്തു തീർക്കേണ്ടതായ കുടിശ്ശിക കൊടുത്തുതീർക്കുവാൻ പണം അനുവദിക്കണ

മെന്ന് ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

## കണ്ണൂർ സൈബർ പാർക്ക് നിർമ്മാണ പ്രവർത്തനം

ശ്രീ. സി. കൃഷ്ണൻ: സർ, കണ്ണൂർ സൈബർ പാർക്ക് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് ഞാനിവിടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമംകുട്ടൂർ പഞ്ചായത്തിൽ സൈബർ പാർക്കിനുവേണ്ടി 25.63 ഏക്കർ ഭൂമി അനുവദിക്കുകയും അതിന് മുൻ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തിരുന്നു. കെട്ടിട നിർമ്മാണത്തിനുവേണ്ടി 21.4 കോടിരൂപ നബാർഡ് വായ്പ അനുവദിച്ചിരുന്നു. നബാർഡിന്റെ വ്യവസ്ഥപ്രകാരം 2014 മാർച്ചിൽ നിർമ്മാണപ്രവർത്തനത്തിന്റെ ഒരു ഘട്ടം പൂർത്തിയാക്കേണ്ടതാണ്. ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഈ സൈബർ പാർക്കിന്റെ സ്ഥലത്തേയ്ക്ക് റോഡ് സൗകര്യമില്ലാത്തതാണ് പ്രശ്നം. അതിനുവേണ്ടി 80 സെന്റ് ഭൂമിയുടെ ആവശ്യമുണ്ട്. അതുകൊണ്ടാണ് താമസം വരുന്നത്. എന്തായാലും സെസ് പദവി പുതുക്കി നൽകിയിട്ടുണ്ട്. താമസിയാതെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പയ്ക്ക് മൊറട്ടോറിയം

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 3,68,307 വിദ്യാർത്ഥികൾ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നായി 7,269 കോടി രൂപ വായ്പ യെടുത്തിട്ടുണ്ട്. ഈ കുട്ടികൾ വിദ്യാഭ്യാസം പൂർത്തിയാക്കിയെങ്കിലും അവർക്ക് ജോലി കിട്ടിയിട്ടില്ല. അവരിപ്പോൾ ആത്മഹത്യയുടെ വക്കിലാണ്. അവരുടെ വീടുകളെല്ലാം ജപ്തി ചെയ്യുകയാണ്. അവർ എടുത്ത വായ്പയി ന്മേൽ പലിശയും കൂട്ടുപലിശയുമായി 20 ശതമാനം പലിശയായിട്ടുണ്ട്. ആർക്കും ഇതുവരെ ജോലി കിട്ടിയിട്ടില്ല. കൂടുതൽപേരും നഴ്സിംഗും ഹോട്ടൽ മാനേജുമെന്റുമാണ് പഠിച്ചത്. വെളിയിൽ പോകാനോ ഇവിടെ നിൽക്കാനോ നിവൃത്തിയില്ലാത്ത അവസ്ഥയാണ് അവർക്കുള്ളത്. അതിനാൽ വിദ്യാഭ്യാസ വായ്പയ്ക്ക് അനന്തമായി മൊറട്ടോറിയം പ്രഖ്യാപിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഉന്നയിച്ചത് വളരെ ഗൗരവമായ വിഷയമാണ്. പക്ഷേ മന്ത്രിയായിരുന്ന അദ്ദേഹത്തിന് അനന്തമായി മൊറട്ടോറിയം വേണമെന്ന് പറയുവാൻ കഴിയുന്നതിൽ എനിക്ക് അത്ഭുതമുണ്ട്. 01.04.2004 മുതൽ 31.03.2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായവരുടെ പഠനകാലത്തെ പലിശ ബാധ്യത കേരളാ ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. 2009-നുശേഷമുള്ള പലിശ ബാദ്ധ്യത കേന്ദ്രഗവൺമെന്റും ഏറ്റെടുത്തിട്ടുണ്ട്. അതിൻപ്രകാരം

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അർഹരായവരെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സർക്കാർ മുഖേനയും ബാങ്കുകൾ നേരിട്ടും സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ 10.04.2012 മുതൽ 6 മാസം നിർത്തിവയ്ക്കുകയുണ്ടായി. 10.10.2012 മുതൽ വീണ്ടും അടുത്ത 6 മാസക്കാലത്തേയ്ക്ക് റിക്കവറി നീട്ടിവച്ചിട്ടുണ്ട്, മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി കഴിയുന്നത് 10.04.2013 ലാണ്. ഇപ്പോൾ റിക്കവറി നടക്കുന്നില്ല. ഈ കാലാവധി കഴിയുന്ന അവസരത്തിൽ അക്കാര്യം ആലോചിക്കാം.

## നിർമ്മാണ പ്രവർത്തന സാമഗ്രികൾ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. അതിന് പ്രധാന കാരണം കല്ലിന്റെയും മണലിന്റെയും ലഭ്യതക്കുറവാണ്. അവിടെ റവന്യൂ ഭൂമിയിലെ ക്വാറികളാണ് കൂടുതലായിട്ടുള്ളത്. ഇതൊരു മാഫിയയുടെ കയ്യിലാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ തോന്നിയ രീതിയിൽ കല്ലു പൊട്ടിക്കുന്ന സ്ഥിതിയാണുള്ളത്. ഇപ്രകാരം പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾ നിറുത്താനും വയനാട് ജില്ലയ്ക്ക് ആവശ്യമായ കല്ല് ലഭ്യമാക്കുന്നതിന് നിയമപ്രകാരം ക്വാറികൾക്ക് അനുമതി നൽകി ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള സാഹചര്യം ഉണ്ടാക്കണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിരവധി ഫണ്ടുകൾ ലഭിക്കുന്നുണ്ടെങ്കിലും പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. കഴിഞ്ഞ ഒരാഴ്ചയായി അവിടെ സമരമാണ്. മറ്റുള്ള ജില്ലകളിൽ നിന്നും കല്ല് കൊണ്ടുവരാൻപോലും സമ്മതിക്കുന്നില്ല. അനധികൃതമായി ഖനനം നടത്തുന്ന ക്വാറി ഉടമകളും

അതുമായി ബന്ധപ്പെട്ട ആളുകളുമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. പാരിസ്ഥിതിക ആഘാതം കുറഞ്ഞരീതിയിലുള്ള ക്വാറികൾക്ക് അനുമതി നൽകി ക്വാറികളുടെ പ്രവർത്തനം നിയമാനുസൃതമാക്കാനും ഈ പ്രശ്നം പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 27.02.2012-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ ഖനന പ്രവൃത്തികൾക്കും Ministry of Environment and Forest-ന്റെ environmental clearance നിർബന്ധമാക്കിയിട്ടുണ്ട്. ഇപ്രകാരം ജില്ലയിലെ എല്ലാ ഖനനപ്രവർത്തനങ്ങളും നിർത്തിവച്ചു. കരിങ്കൽ ഉൽപ്പന്നങ്ങളുടെ ക്ഷാമം പരിഗണിച്ച് 23.11.2012-ൽ ജി.ഒ.(എം.എസ്) 140/12/ഐ.ടി., 11.12.2012-ലെ ജി.ഒ.(എം.എസ്.) 144/12/ഐ.ടി. എന്നിവ പ്രകാരം സ്വകാര്യ ഭൂമിയിലെ ചെറുകിട ഖനനങ്ങൾക്ക് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾക്ക് വിധേയമായി ഒരു വർഷ കാലയളവിലേയ്ക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിന് ജില്ലയിൽ നിലവിലുള്ള അംഗീകൃത കടവുകളിൽനിന്ന് തുടർന്നും മണൽ നീക്കംചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കടവുകളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 21.01.2013-ൽ ചേർന്ന റിവർ മാനേജുമെന്റ് ഫണ്ട് ജില്ലാതല വിദഗ്ദ്ധസമിതി യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ലോട്ടറി ടിക്കറ്റുകൾ ലഭ്യമാക്കൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, തൃശ്ശൂർ ജില്ലയിൽ ലോട്ടറി ഏജന്റു മാരും വിൽപ്പനക്കാരുമായി 7000–ത്തോളം പേരുണ്ട്. ഇവരിൽ മഹാഭൂരി പക്ഷവും ചെറുകിട ഏജന്റുമാരും വിൽപ്പനക്കാരുമാണ്. ഇവരെല്ലാം ഒരു പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് നീങ്ങുകയാണ്. ചെറുകിട ഏജന്റു മാർക്ക് വിൽപ്പനയ്ക്കായി ആവശ്യാനുസരണം ടിക്കറ്റ് നൽകുന്നില്ല എന്നതാണ് അവരുടെ പരാതി. എന്നാൽ വിരലിലെണ്ണാവുന്ന വൻകിട ഏജന്റുമാർക്ക് മൊത്തമുള്ള ടിക്കറ്റിന്റെ വലിയൊരു പങ്കും നൽകുകയാണ്. തൃശ്ശൂർ ജില്ലാ ലോട്ടറി ആഫീസിൽ വിജിലൻസ് ഉദ്യോഗസ്ഥൻമാർ രണ്ടാഴ്ചമുമ്പ് റെയ്ഡ് നടത്തിയിരുന്നു. അതിൽ വൻകിട ഏജന്റുമാർക്ക് യാതൊരു മാനദണ്ഡവുമില്ലാതെ ധാരാളം ടിക്കറ്റുകൾ നൽകിയതായിട്ടുള്ള ക്രമക്കേട് കണ്ടെത്തിയത് മാധ്യമങ്ങളിൽ വാർത്തയായി വന്നിട്ടുണ്ട്. 2012 വർഷത്തിൽ 2000 കോടിയോളം രൂപയുടെ ടിക്കറ്റുകളാണ് കേരളാ ലോട്ടറി യുടേതായി വിറ്റഴിക്കപ്പെട്ടിട്ടുള്ളത്. ഗ്രാമങ്ങളിലും ബസ്സ്റ്റാന്റുകളിലും റോഡുകളിലും ഓഫീസുകളിലും കച്ചവട സ്ഥാപനങ്ങളിലുമൊക്കെ നടന്നും സൈക്കിളിലുമൊക്കെയായി ടിക്കറ്റ് വിൽപ്പന നടത്തുന്ന ഒരു ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ ചെറുകിട ഏജന്റുമാരും വിൽപ്പനക്കാരും വഴിയാണ് ഈ വലിയനേട്ടം കേരളാലോട്ടറി കൈവരിച്ചത്. സർക്കാരിന്റെ പ്രചരണത്തോ ടൊപ്പം ചെറുകിട ഏജന്റുമാരുടെ കഠിനാദ്ധ്വാനവും ഇതിനുപുറകിലുണ്ട്. ചെറുകിട ഏജന്റുമാർക്ക് ആവശ്യാനുസരണം ടിക്കറ്റ് നൽകാതെ ആരുടെ യൊക്കെയോ സമ്മർദ്ദത്തിന് വഴങ്ങി ലോട്ടറി വകുപ്പ് വൻകിട ഏജന്റുമാർക്ക് യഥേഷ്ടം ടിക്കറ്റ് നൽകുന്നത്, കേരളാ ലോട്ടറിയേയും അതിലൂടെ

ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന ചെറുകിട ലോട്ടറി ഏജന്റുമാരെയും വിൽപ്പനക്കാരെയും തകർക്കാനെ ഉപകരിക്കൂ. ഈ കാര്യം അതീവ ഗൗരവമായി എടുത്ത് ചെറുകിട ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ആവശ്യാനുസരണം ടിക്കറ്റുകൾ നൽകി അവരേയും കേരളാ ലോട്ടറിയേയും സംരക്ഷിക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ചെറുകിട ഏജന്റുമാരുടെ സേവനം പൂർണ്ണമായും മനസ്സിലാക്കുന്നൊരു ഗവൺമെന്റാണിത്. 20 രൂപ മുഖവിലയുള്ള ടിക്കറ്റിന്റെ വർദ്ധിച്ച ഡിമാന്റ് കണക്കിലെടുത്ത് ഈ ടിക്കറ്റിന്റെ എണ്ണം 35 ലക്ഷത്തിൽ നിന്നും 45 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്ക് കുറഞ്ഞത് 125 ടിക്കറ്റെങ്കിലും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ടിക്കറ്റിന്റെ അച്ചടി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ഇപ്പോൾ യാതൊരു പരാതിയും ചെറുകിട ഏജന്റുമാർക്കില്ലെന്ന് ലോട്ടറി വകുപ്പ് എഴുതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## രൂക്ഷമായ വരൾച്ച

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, മലമ്പുഴ മണ്ഡലത്തിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമായിരിക്കുകയാണ്. ഭൂഗർഭ ജലനിരപ്പ് താഴ്ന്നതിനാൽ കുഴൽക്കിണറുകൾപോലും വറ്റിവരണ്ടിരിക്കുന്നു. രൂക്ഷമായ ജലക്ഷാമം പരിഹരിക്കുവാൻ ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. പുതുശ്ശേരി, എലപ്പുള്ളി, കൊടുമ്പ് എന്നീ പഞ്ചായത്തുകൾ പൂർണ്ണമായും വരൾച്ചയിലും കുടിവെള്ളക്ഷാമത്തിലുമാണ്.

ജില്ലാ ഭരണാധികാരികൾ ഇക്കാര്യത്തിൽ വലിയ അനാസ്ഥയാണ് കാണിക്കുന്നത്. പാലക്കാട് ജില്ലയാകെ വമ്പിച്ച വരൾച്ചയുടെ പിടിയിലാണ്. വരൾച്ചാബാധ്യത ജില്ലയായി പ്രഖ്യാപിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഈ പ്രശ്നത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പു മന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, മലമ്പുഴ നിയോജക മണ്ഡലത്തിലെ അതിരൂക്ഷ മായ വരൾച്ചയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് 31.01.2012-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രതിനിധി എന്നുള്ള നിലയിൽ ശ്രീ. എ. പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജില്ലാപഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെയും യോഗം ചേരുകയും വിവിധ പ്രതിനിധികൾ സമർപ്പിച്ച കർമ്മ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറാൻ തീരുമാനിക്കുകയും ചെയ്തു. മലമ്പുഴ പഞ്ചായത്തിലെ പൂക്കാട് പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ലോറിയിൽ വെള്ളം നൽകണമെന്ന് അവിടത്തെ പഞ്ചായത്ത് പ്രതിനിധികളും മുണ്ടൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കണമെന്ന് മുണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രതിനിധി കളും ആവശ്യപ്പെട്ടു. കൂടാതെ അകത്തേത്തറ, എലപ്പുള്ളി, **മരുതകറോഡ്,** കൊടുമ്പ്, പുതുശ്ശേരി എന്നീ പഞ്ചായത്ത് പ്രതിനിധികളും ഇത്തരത്തിൽ വരൾച്ചയും കുടിവെള്ളക്ഷാമവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചൂണ്ടിക്കാണി

ക്കുകയും പരിഹാരനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ളം എത്തിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം ജില്ലാകളക്ടർക്ക് നൽകുന്നതാണ്.

## മോട്ടോർവാഹന വകുപ്പ് ജീവനക്കാരുടെ ദൗർലഭ്യം

ശ്രീമതി പി. അയിഷാ പോറ്റി: സർ, മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യ കതയെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 1957-1958 കാലഘട്ടത്തി ലാണ് ഈ വകുപ്പ് രൂപീകരിച്ചത്. അന്ന് കേരളത്തിൽ 11,184 വാഹനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോഴത്തെ കണക്കനുസരിച്ച് 2012 ഒക്ടോബർ 31 വരെ കേരളത്തിൽ 75,34,056 വാഹനങ്ങൾ രജിസ്റ്റർ ചെയ്തി ട്ടുണ്ട്, വീണ്ടും രജിസ്റ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിനെല്ലാം വേണ്ടി യുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം 596 മാത്രമേ നിലവിലു ള്ളൂ. അതിൽത്തന്നെ 105 പേർ 19 മോട്ടോർ ചെക്ക്പോസ്റ്റുകളിലായി വർക്ക് ചെയ്യുകയാണ്. ബാക്കിയുള്ള 491 സാങ്കേതിക വിഭാഗം ജീവനക്കാരെക്കൊ ണ്ടാണ് വാഹനങ്ങളുടെ പരിശോധനയും നിയമലംഘനം നടത്തുന്നവരെ കണ്ടെത്തുകയുമൊക്കെ ചെയ്യുന്നത്. അതുവഴി സർക്കാരിന് കോടിക്കണ ക്കിന് രൂപ നഷ്ടമുണ്ടാകുന്നുവെന്ന് മാത്രമല്ല, ജോലി കിട്ടാൻ സാധ്യതയുള്ള വർക്ക് ജോലിക്കുള്ള അവസരം നിഷേധിക്കപ്പെടുന്ന സ്ഥിതിയുമുണ്ട്. ഇത് പരിഗണിച്ച് കൂടുതൽ ജീവനക്കാരെ ജോലിക്കെടുത്താൽപ്പോലും അതിന്റെ

എത്രയോ ഇരട്ടി വരുമാനം സർക്കാരിനുണ്ടാകുന്ന ഒരു അവസ്ഥയാണെന്നുള ളതുകൊണ്ട് സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗസ്ഥരെ മോട്ടോർ വാഹന വകുപ്പിൽ നിയമിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നു ള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങളും ശരിയാണ്. 2004-ലെ സി.എ.ജി. റിപ്പോർട്ടിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ചൂണ്ടിക്കാണി ച്ചിട്ടുണ്ട്. ഇവിടെ വേണ്ടത്ര മോട്ടോർ വെഹിക്കിൾ സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ആക്സിഡന്റുകൾ കൂടുന്നു, പരിശോധിക്കാൻ ആളില്ല, റവന്യൂ വരുമാനം വളരെയധികം കുറയുന്നു എന്നൊക്കെ പറഞ്ഞു. 2004-ലെ റിപ്പോർട്ട് 2006-ലാണ് പുറത്തുവന്നത്. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒന്നും ചെയ്തില്ല. അതാണ് ഇങ്ങനെയൊക്കെ സംഭവിച്ചത്. എന്നാലും ആ തെറ്റ് ഞങ്ങൾ ഇപ്പോൾ തിരുത്താൻ നോക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾ 17 സ്ക്വാഡുകൾ ഏർപ്പെടുത്തി. അതിലേയ്ക്ക് 144 ആളുകളെ പുതുതായി നിയമിച്ചു. ഇപ്പോൾ 529 ആളുകളെ നിയമിക്കാ നുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് മുഴുവൻ അല്ലെങ്കിലും അതിന്റെ ഒരു ഭാഗമെങ്കിലും ആളുകളെ അടിയന്തരമായി നിയമിക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും.

## വനഭൂമി കയ്യേറ്റം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, നിലമ്പൂർ താലൂക്കിൽ പുള്ളിപ്പാടം വില്ലേജിൽ സർവ്വേ നമ്പർ I-ൽ ഉൾപ്പെടുന്ന ഏകദേശം 8900 ഏക്കർ

ഭൂമിയിൽ മങ്ങാട്, തണ്ണിക്കുഴി മലവാരത്തിൽപ്പെട്ട വനഭൂമിയുടെ ഭൂരിഭാഗവും കയ്യേറ്റത്തിന് വിധേയമായി എന്ന പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ആദിവാസികളുടെ കൈവശമുണ്ടായിരുന്ന ഭൂമി പൂർണ്ണമായും നഷ്ടമായിരിക്കുന്നതായി വില്ലേജ് ഓഫീസർ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. തണ്ണിക്കുഴി മലവാരത്തിൽ 2 മുതൽ 8 ഏക്കർ വരെയുള്ള ആദിവാസികളുടെ കൈവശമുള്ള ഭൂമി 800 മുതൽ 1500 രൂപ വരെ നൽകി ആദിവാസികളിൽ നിന്നും തട്ടിയെടുത്തിട്ടുള്ളതായി നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 1978-1982 കാലയളവിൽ ഭൂരഹിതർക്ക് പതിച്ചുനൽകാനായി വനംവകുപ്പ് റവന്യൂവകുപ്പിനെ ഏൽപ്പിച്ച 100 കണക്കിന് ഏക്കർ ഭൂമിയും കയ്യേറ്റത്തിന് വിധേയമായിരിക്കുകയാണ്. ഈ ഭൂമിയിൽ നിന്ന് വൻതോതിൽ മരം മുറിച്ചുകൊണ്ടിരിക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. വനംവകുപ്പിന്റെ ജണ്ട അടക്കം പൊളിച്ചുമാറ്റി ജെ.സി.ബി. ഉപയോഗിച്ച് റോഡ് വെട്ടിയാണ് മരം കടത്തുന്നത്. ആദിവാസികളുടെ ഭൂമിയും വനം-റവന്യൂ ഭൂമിയും സംരക്ഷിക്കുന്നതിനായി ഈ പകൽക്കൊള്ള അടിയന്തരമായി അവസാനിപ്പിക്കേണ്ടതുണ്ട്. ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി കൊടുത്ത ഭൂമി ഭൂരഹിതർക്ക് കൊടുക്കാതിരുന്നതിന്റെ ഭാഗമായിട്ടാണ് ഇത് സംഭവിച്ചത്. വനം-റവന്യൂ വകുപ്പുകൾ അടിയന്തരമായി സർവ്വേ നടപടികൾ പൂർത്തിയാക്കി വനത്തിന്റെ അതിർത്തി നിർണ്ണയിക്കണമെന്നും ആദിവാസികൾക്ക് നഷ്ടമായ ഭൂമി വീണ്ടെടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, നിലമ്പൂർ താലൂക്കിൽ പുള്ളിപ്പാടം വില്ലേജിൽ സർവ്വേ നമ്പർ I-ൽ 8983.61 ഏക്കർ സ്ഥലമാണ് ഉള്ളത്. മങ്ങാട്, തണ്ണിക്കുഴി എന്നീ മലവാരങ്ങൾ ഈ സർവ്വേ നമ്പരിൽ ഉൾപ്പെട്ടുവരുന്നതാണ്. നിലമ്പൂർ താലൂക്കിൽ ആദിവാസി കൾക്ക് അന്യാധീനപ്പെട്ട ഭൂമിക്കുപകരം ഭൂമി നൽകുന്നതിന് വിവിധ ഇടങ്ങളി ലായി ഭൂമി കണ്ടെത്തുകയും അതനുസരിച്ച് പെരിന്തൽമണ്ണ റവന്യൂ ഡിവിഷന് കീഴിൽ നിലമ്പൂർ താലൂക്കിൽ ഉൾപ്പെടെ 28 കേസ്സുകളിൽ 74.73 ഏക്കർ ഭൂമി പ്ലോട്ടുകളായിതിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കേസ്സുക ളിലൊന്നും തന്നെ ഭൂമി പിന്നീട് നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. വനം വകുപ്പിന്റെ ജണ്ട പൊളിച്ചുമാറ്റി വഴി വെട്ടിയിട്ടുള്ളതായും മരം മുറിച്ചു മാറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പുള്ളിപ്പാടം വില്ലേജിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള സംയുക്ത പരിശോധനാ ടീമിന്റെ റീ-സർവ്വേ ജോലികൾ പൂർത്തിയാക്കി വനത്തിന്റെ അതിർത്തി നിർണ്ണയിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താൻ സാധിക്കുകയുള്ളൂ.

## ക്യാൻസർ രോഗികൾക്കുള്ള വാർഷിക വരുമാന പരിധി ഉയർത്തൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ക്യാൻസർ രോഗികളായ ആളുകൾക്ക് സർക്കാർ പെൻഷൻ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ അത് 525 രൂപ യായി അങ്ങ് വർദ്ധിപ്പിക്കുകയും ചെയ്തു. അത് നല്ല കാര്യമാണ്. പക്ഷേ ഇവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി മാസം 200 രൂപ അതായത് വർഷം 2400 രൂപയാണ്. വളരെ അപര്യാപ്തമായ ഈ തുക

കാരണം ബഹുഭൂരിപക്ഷംപേർക്കും അർഹമായ പെൻഷൻ ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപ യായി വർദ്ധിപ്പിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഞാൻ കാര്യമായി പരിഗണിക്കുന്നതാണ്. ഈ വരുമാനപരിധി ഉയർത്തണമെന്നുള്ള താണ് ഗവൺമെന്റിന്റെ അഭിപ്രായം. എത്ര ഉയർത്തണമെന്നുള്ളത് പിന്നീട് ആലോചിക്കാം.

## വെഞ്ഞാറമൂടിൽ ഡിവൈ.എസ്.പി. ഓഫീസ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ആറ്റിങ്ങൽ പോലീസ് സബ് ഡിവിഷനിൽ ആറ്റിങ്ങൽ, വക്കം, കടയ്ക്കാവൂർ, കഴക്കൂട്ടം, വെഞ്ഞാറമൂട്, കിളിമാനൂർ എന്നീ ആറ് സർക്കിളുകളിലായി 15 പോലീസ് സ്റ്റേഷനുകളും നെടുമങ്ങാട് സബ് ഡിവിഷനിൽ നെടുമങ്ങാട്, ആര്യനാട്, പാലോട്, കാട്ടാക്കട എന്നീ നാല് സർക്കിളുകളിലായി 12 പോലീസ് സ്റ്റേഷനു കളും നിലവിൽ പ്രവർത്തിക്കുന്നു. വിവിധ സർക്കിളുകളുടെ വിസ്തൃതിയും കേസ്സുകളുടെ ബാഹുല്യവും ഭരണപരമായ മറ്റ് അസൗകര്യങ്ങളും കൂടി പരി ഗണിച്ച് നീതിനിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആറ്റി ങ്ങൽ, നെടുമങ്ങാട് സബ് ഡിവിഷനുകളെ മൂന്നാക്കി വിഭജിക്കണമെന്ന പ്രൊപ്പോസൽ നേരത്തെതന്നെയുണ്ടായിരുന്നതാണ്. ആയതിനാൽ മേൽപ്പറഞ്ഞ സബ് ഡിവിഷനുകളെ മൂന്നായി വിഭജിച്ച് വെഞ്ഞാറമൂട് കേന്ദ്രമാക്കി ഒരു പുതിയ സബ് ഡിവിഷൻ കൂടി ആരംഭിക്കണമെന്നും

ഇനിപ്പറയുംപ്രകാരം ഇവയെ പുന:ക്രമീകരിക്കണമെന്നും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു. ഇതിനുള്ള സ്ഥലവും കെട്ടിടവുമൊക്കെ വെഞ്ഞാറമൂട്ടിൽ ഉണ്ട്.
കിളിമാനൂർ സർക്കിളിൽ കിളിമാനൂർ, പള്ളിക്കൽ, പാങ്ങോട്; വെഞ്ഞാറമൂട് സർക്കിളിൽ വെഞ്ഞാറമൂട്, വട്ടപ്പാറ, പോത്തൻകോട്; പാലോട് സർക്കിളിൽ പാലോട്, പൊൻമുടി, വിതുര; ആറ്റിങ്ങൽ സർക്കിളിൽ ആറ്റിങ്ങൽ, ചിറയിൻകീഴ്, മംഗലപുരം; വർക്കലയിൽ വർക്കല, കല്ലമ്പലം; കടയ്ക്കാവൂരിൽ കടയ്ക്കാവൂർ, അഞ്ചുതെങ്ങ്; കഴക്കൂട്ടത്ത് കഴക്കൂട്ടം, കഠിനംകുളം; നെടുമങ്ങാട് സബ് ഡിവിഷനിൽ നെടുമങ്ങാട്, വലിയമല; ആര്യനാട് സർക്കിളിൽ ആര്യനാട്, വിളപ്പിൽശാല, മലയിൻകീഴ്; കാട്ടാക്കട സർക്കിളിൽ കാട്ടാക്കട, നെയ്യാർ ഡാം, മാറനല്ലൂർ. ഇങ്ങനെ വിഭജിച്ചാൽ വളരെയധികം സൗകര്യപ്രദമായിരിക്കും. കഴക്കൂട്ടവും കഠിനംകുളവും തിരുവനന്തപുരം സിറ്റിയിലേയ്ക്ക് പോയാലും ബുദ്ധിമുട്ടില്ല. അങ്ങനെ പോയാലും അവിടെ ഈ പറഞ്ഞ രീതിയിലുള്ള എല്ലാ പ്രവർത്തനത്തിനും സൗകര്യമാണ്. അത് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ആവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ആറ്റിങ്ങൽ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയതുപ്രകാരം സബ് ഡിവിഷൻ ഓഫീസിനാവശ്യമായ സ്ഥലവും കെട്ടിടവും കണ്ടെത്തിക്കഴിഞ്ഞു. അധികാരപരിധി തിരിച്ച് മേപ്പ് തയ്യാറാക്കിയുള്ള പ്രൊപ്പോസൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പരിശോധിച്ച് എല്ലാ നടപടികളും സ്വീകരിക്കാം.

## കൊലപാതകങ്ങളിലെ പ്രതികളുടെ അറസ്റ്റ്

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഞാൻ ഈ വിഷയം മൂന്നാമത്തെ പ്രാവശ്യമാണ് സഭയിൽ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ ദേശമംഗലം എന്നുപറയുന്ന പ്രദേശത്ത് 2011 ആഗസ്റ്റ് 8-ാം തീയതി ആസിയ എന്ന ഒരു സഹോദരിയെ പട്ടാപ്പകൽ കഴുത്തറുത്ത് കൊലപ്പെടുത്തുകയുണ്ടായി. ആ കൊലപാതകികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞില്ല. എന്റെ മണ്ഡലത്തിൽത്തന്നെ കഴിഞ്ഞ ഡിസംബർ 7-ാം തീയതി ഒരു ടാക്സി ഡ്രൈവറായ രഘു എന്നുപറയുന്ന ഒരു സഹോദരനെ ടാക്സി വിളിച്ചുകൊണ്ടുപോയി പാലക്കാടുവച്ച് കഴുത്തറുത്ത് കൊലപ്പെടുത്തുകയുണ്ടായി. ആ കൊലപാതകികളിൽ ചിലരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മുഹമ്മദാലി എന്നുപേരായ ഒരാളെയും മറ്റ് ഏതാനും പേരെയുമാണ് അറസ്റ്റ് ചെയ്തത്. അവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തപ്പോഴാണ് ആസിയയെ കൊലചെയ്തതും ഈ ടീം തന്നെയാണെന്ന് വ്യക്തമായത്. പ്രധാന പ്രതിയായ പ്രസാദിനെ ഇതുവരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രസാദ് നിരവധി കൊലപാതക കേസ്സുകളിലെ പ്രതിയാണ്. അയാളുടെ കൊലപാതക രീതി ഏറ്റവും ഭീകരമാണ്. കഴുത്തറുത്ത് ഒരു പ്രത്യേക രീതിയിൽ കൊല്ലുക എന്നുള്ളതാണ് അയാളുടെ സമീപനം. പ്രസാദിനെ അറസ്റ്റ് ചെയ്യാത്തതുകൊണ്ട് പാലക്കാട്, തൃശ്ശൂർ ജില്ലയുടെ ബോർഡറിലുള്ള ജനങ്ങൾ വളരെ ഭീതിയോടുകൂടിയാണ് ജീവിക്കുന്നത്. വലിയ പ്രയാസമനുഭവിക്കുന്ന കുടുംബമാണ് രഘുവിന്റേത്. പ്രായമായ, രോഗികളായ അച്ഛനും അമ്മയും, രോഗിയായ ഒരു സഹോദരി, ഭാര്യ, രണ്ട് കുട്ടികൾ ഇത്രയുംപേരടങ്ങുന്നതാണ് രഘുവിന്റെ കുടുംബം. ഏറ്റവും നിർദ്ധനമായിട്ടുള്ള ഒരു കുടുംബമാണ്. രഘുവിന്റെ ജീവൻ നഷ്ടപ്പെട്ടതോടുകൂടി ആ കുടുംബത്തിന്റെ ആശ്രയമാണ് ഇല്ലാതായിരിക്കുന്നത്. ആസിയ കൊലപാതകത്തിലെ കൊലപാതകികളെ കണ്ടെത്തിയിരുന്നെങ്കിൽ

രഘു കൊലചെയ്യപ്പെടുമായിരുന്നില്ല എന്നുള്ള ചർച്ചയും നാട്ടുകാർക്കിടയിലുണ്ട്. എത്രയും പെട്ടെന്ന് പ്രസാദ് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട കൊലയാളികളെ കണ്ടെത്താനായി ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. അതുസംബന്ധിച്ച് ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ച് അതിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഭരണകക്ഷിയിൽപ്പെട്ട ചില ആളുകൾ സമരം ആരംഭിച്ചിട്ടുണ്ട്. അതുകൂടി ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, രണ്ട് കാര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചത്. ഒന്ന്, ആസിയയുടെ കൊലപാതകം. രണ്ട്, ശ്രീ. രഘുവിന്റെ കൊലപാതകം. ഈ കൊലപാതകങ്ങൾ സംബന്ധിച്ചുള്ള അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്. ക്രൈംബ്രാഞ്ച്, എച്ച്.എസ്. ഡബ്ല്യു.-2 എറണാകുളം യൂണിറ്റിൽ നിന്ന് റീ-നമ്പർ ചെയ്ത് പാലക്കാട് സബ് യൂണിറ്റിലെ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. അതിലുള്ള പ്രതികളെ പിടിക്കാൻ സാധിക്കും. 05-01-2013-ലെ കേസ്സിൽ ഫോർമലായി മുഹമ്മദാലിയുടെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുള്ളതാണ്. രഘുവിന്റെ കൊലപാതകത്തിൽ മൊത്തം 8 പ്രതികളാണുള്ളത്. അതിൽ 7 ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രസാദിനെ ഇതുവരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ലുക്ക്ഔട്ട് നോട്ടീസ് കൊടുത്തിട്ടുണ്ട്. പ്രതിയെ പിടിക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷ. അതിനുവേണ്ടിയുള്ള തെരച്ചിൽ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

## ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജനം

ശ്രീ. എം. പി. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒല്ലൂർ പോലീസ് സ്റ്റേഷന്റെ ദൂരപരിധി 30–35 കിലോമീറ്ററാണ്. അതിന്റെ ഒരു ഭാഗം വ്യാപകമായ മലനിരകളാണ്. അവിടെയൊരു ക്രൈം നടന്നാൽ അവിടെനിന്ന് അറിയിച്ച് പോലീസ് വരണമെങ്കിൽത്തന്നെ വളരെയധികം സമയമെടുക്കും. പോലീസ് സ്റ്റേഷന്റെ പരിധി കുറച്ച് ഒല്ലൂർ സ്റ്റേഷനെ വിഭജിച്ച് പുതിയൊരു പോലീസ് സ്റ്റേഷനുണ്ടാകേണ്ട ആവശ്യകതയിലേയ്ക്കാണ് ഈ സബ്മിഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഒല്ലൂർ പോലീസ് സ്റ്റേഷൻ വിഭജിച്ച് വെട്ടുകാട് മന്ദാമംഗലം പ്രദേശത്ത് പുത്തൂർ പോലീസ് സ്റ്റേഷനെന്ന പേരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തൃശ്ശൂർ സിറ്റിയിലെ പോലീസ് മേധാവി വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. എന്നാൽ ആ പ്രൊപ്പോസലിലുള്ള ചില ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് 23–01–2013–ൽ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതിയിൽപ്പെട്ട യുവാവിന് പോലീസ് മർദ്ദനം

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട ചാലക്കുടി മുനിസിപ്പൽ അതിർത്തിയിലുള്ള വി.ആർ. പുരം ദേശത്ത് പറമ്പത്ത് സുബ്രഹ്മണ്യൻ മകൻ അരുൺ, 19 വയസ്, 12–02–2011–ൽ ചാലക്കുടി

സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലെ ഒരു പോലീസ് ഉദ്യോഗസ്ഥൻ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുകയും പോലീസുകാർ ക്രൂരമായി മർദ്ദിക്കുകയുമുണ്ടായി. മർദ്ദനമേറ്റ് അവശനായ അരുണിനെ തുടർന്ന് ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഇപ്പോൾ അരുൺ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിരപരാധിയായ അരുണിനെ ആളുമാറിയാണ് കസ്റ്റഡിയിലെടുത്തതും മർദ്ദിച്ചതെന്നുമാണ് അറിയാൻ കഴിഞ്ഞത്. അരുണിനെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അടിയന്തിര നിയമനടപടികൾ സ്വീകരിക്കണമെന്നും അരുണിന്റെ ചികിത്സയ്ക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തൃശ്ശൂർ കൊടകര പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള വെള്ളാഞ്ചിറയിൽ റെയിൽവേ ട്രാക്കിനടുത്തുള്ള പറമ്പിൽ മുറിച്ചിട്ടിരുന്ന രണ്ട് തെങ്ങിൻതൈ കഷണങ്ങൾ 3–10–2012–ന് രാത്രി ആരോ റെയിൽവേ ട്രാക്കിൽകൊണ്ടിട്ട് ട്രെയിൻ അട്ടിമറിക്കാൻ ശ്രമിച്ചത് സംബന്ധിച്ച് ഇന്ത്യൻ റെയിൽവേ ആക്ട് 147, 150(ഐ)എ എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1343/2012 ആയി കൊടകര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം നടന്നു. ഈ അന്വേഷണവേളയിൽ വിജയരാഘവപുരത്തെ പറമ്പത്തുവീട്ടിൽ സുബ്രഹ്മണ്യന്റെ മകനും ഓട്ടോറിക്ഷാ ഡ്രൈവറുമായ അരുണിന് ഈ കേസ്സിന്റെ അന്വേഷണത്തിന് ഉപകാരപ്രദമായ വിവരങ്ങൾ നൽകാൻ സാധി

ക്കുമെന്നുള്ള സൂചന ലഭിച്ചതിനാൽ അന്വേഷണസംഘത്തിലെ എ.എസ്.ഐ. വൽസകുമാറും സി.പി.ഒ.-മാരും ചേർന്ന് പോലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് ചോദ്യം ചെയ്തതിനുശേഷം ഉച്ചയ്ക്ക് 3.30 മണിയോടു കൂടി വിട്ടയച്ചു. ജോബ് എന്ന പോലീസുകാരനും കണ്ടാലറിയാവുന്ന മൂന്ന് പോലീസുകാരും ചേർന്ന് മർദ്ദിച്ചുവെന്ന് ആരോപിച്ച അരുൺ 12-02-2012-ന് രാത്രി 10.25 മണിക്ക് ചാലക്കുടി ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അഡ്മിറ്റായി. ആശുപത്രിയിൽനിന്ന് ഇന്റിമേഷൻ കിട്ടിയ തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനിൽനിന്നും ആശുപത്രിയിലെത്തി അരുണിന്റെ മൊഴി രേഖപ്പെടുത്തി. ആശുപത്രിയിൽ അഡ്മിറ്റായതോടൊപ്പം അരുൺ ചാലക്കുടി ഡിവൈ.എസ്.പി.-ക്ക് ഒരു പരാതി നൽകിയിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ ചാലക്കുടി ഡിവൈ.എസ്.പി. ആശുപത്രിയി ലെത്തി അരുണിന്റെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്.

## കോങ്ങാട് ഫയർ സ്റ്റേഷൻ

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് അസംബ്ലി മണ്ഡലത്തിലെ കോങ്ങാട് പഞ്ചായത്തിൽ കൈമാറ്റം ചെയ്തുകിട്ടിയ 50 സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. പശ്ചിമഘട്ട മലനിരകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന കോങ്ങാട് നിയോജകമണ്ഡലം തികച്ചും മലയോര പ്രദേശമാണ്. കാട്ടുതീ പടർന്നുപിടിച്ചും മണ്ണിടിഞ്ഞുവീണും ഉരുൾപൊട്ടലിലൂടെയുള്ള മലയിടി ച്ചിലും ഇവിടെ നിത്യസംഭവമാണ്. ഈ അടുത്തകാലത്താണ് കോങ്ങാട് പടക്ക് നിർമ്മാണശാലയിൽ പൊട്ടിത്തെറിയുണ്ടായി രണ്ടുപേർ മരണപ്പെട്ടത്. ഈ അവസരങ്ങളിലെല്ലാം 34 കിലോമീറ്റർ ദൂരെനിന്നാണ് ഫയർ സർവ്വീസ്

അവിടെ എത്തിയത്. ഇതുമൂലം സമയം വൈകിയെത്തുന്ന സ്ഥിതിയും ഉണ്ടാകുന്നു. ഇത് പരിഹരിക്കന്നതിനാണ് കോങ്ങാട് കേന്ദ്രമാക്കിയുള്ള ഫയർ സ്റ്റേഷന്റെ ആവശ്യമുയരുന്നത്. കോങ്ങാട് മെയിൻ റോഡ് സൈഡിൽ സ്ഥിതിചെയ്യുന്ന 50 സെന്റ് സ്ഥലത്ത് തൊട്ടടുത്ത് കിടക്കുന്ന മണിക്കച്ചേരി പുഴയിൽനിന്ന് അതിനാവശ്യമായ ധാരാളം ജലവും ലഭിക്കും. ഷൊർണ്ണൂർ, പാലക്കാട് ഫയർ സ്റ്റേഷനുകളിൽനിന്ന് 35 കിലോമീറ്റർ ദൂരെ സ്ഥിതിചെയ്യുന്ന കോങ്ങാട് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമാണെന്ന് പാലക്കാട് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്) സർട്ടിഫൈ ചെയ്ത് രേഖാമൂലം അറിയിച്ചിട്ടുമുണ്ട്. അതുകൊണ്ട് മുൻഗണനാ ലിസ്റ്റിലുൾപ്പെടുത്തി കോങ്ങാട് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ കാര്യത്തിനുവേണ്ടി മൃഗസംരക്ഷണ വകുപ്പിൽനിന്ന് 40 സെന്റ് സ്ഥലം ഇതുവരെയും അഗ്നിശമന വകുപ്പിന് കൈമാറ്റം ചെയ്തുകിട്ടിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തികസ്ഥിതി സ്ഥലം ലഭിച്ചുകഴിഞ്ഞാൽ പരിശോധിക്കാവുന്ന കാര്യമാണ്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കോങ്ങാട് അഗ്നിശമന രക്ഷാനിലയം ആരംഭിക്കുന്ന കാര്യം പരിശോധിക്കും.

## സൂര്യനെല്ലി പെൺകുട്ടിയെക്കുറിച്ചുള്ള പരാമർശം

ശ്രീമതി കെ. എസ്. സലീഖ: സർ, സൂര്യനെല്ലിക്കേസ്സിലെ പെൺകുട്ടിയെക്കുറിച്ച് കോൺഗ്രസ്സിന്റെ നേതാവും പാർലമെന്റ് മെമ്പറുമായ കെ. സുധാകരൻ നടത്തിയ ആഭാസപ്രതികരണം മനുഷ്യത്വരഹിതവും

സാംസ്ക്കാരിക കേരളത്തോടുള്ള വെല്ലുവിളിയുമാണ്. അദ്ദേഹം മസ്ക്കറ്റിൽ പോയപ്പോൾ സ്വകാര്യ യാത്രയ്ക്കിടെ നടത്തിയ പ്രതികരണം ഹതഭാഗ്യയായ സൂര്യനെല്ലിയിലെ പെൺകുട്ടിയെ മാനസികമായി തളർത്തുന്നതിന്റെ ലക്ഷ്യ മാണ് ഇതിന്റെ പിന്നിലുള്ളതെന്ന് വ്യക്തമാണ്. അതിനെതിരായ പ്രതികരണം രണ്ടുമൂന്ന് ദിവസങ്ങളായി ദൃശ്യമാധ്യമങ്ങളും പത്രമാധ്യമങ്ങളുമെല്ലാം വന്നിട്ടുപോലും കേരളത്തിന്റെ ഭരണകൂടം അക്കാര്യത്തിന് നേതൃത്വം കൊടു ക്കുന്ന യു.ഡി.എഫ്.-ന്റെ നേതാക്കൾ ഇത് കണ്ടില്ലായെന്ന് നടിക്കുന്ന ഒരു സ്ഥിതിയും ഇന്ന് കേരളത്തിലുണ്ട്. പ്രതികരിക്കുന്നില്ലായെന്നും ശ്രദ്ധയിൽപ്പെ ട്ടിട്ടില്ലായെന്നും കോൺഗ്രസ്സിന്റെ നേതാക്കൾ ഉൾപ്പെടെ പറഞ്ഞുകൊണ്ടിരി ക്കുകയാണ്. ഒരു കാര്യം വ്യക്തമാണ്, പി.ജെ. കുര്യനെ രക്ഷിക്കാനാണ് കേരളത്തിലെ യു.ഡി.എഫ് ഭരണകൂടത്തിന്റെ താൽപര്യമെന്നത് വളരെ വ്യക്തമാണ്. അതുകൊണ്ട് പ്രകോപനപരമായി, നിയമവിരുദ്ധമായി എന്തുചെ യ്താലും യു.ഡി.എഫ്. സർക്കാരിന്റെ പൂർണ്ണപിന്തുണ നൽകുമെന്നുള്ള ധാർഷ്ട്യമാണ് സുധാകരന്റെ ആവർത്തിച്ചുള്ള ഈ പ്രതികരണമെന്നതിൽ യാതൊരു തർക്കവുമില്ല. സ്ത്രീകൾക്കെതിരായി പുതിയ നിയമം വരികയാണ്. ഓർഡിനൻസ് കേന്ദ്രത്തിൽ വന്നുകഴിഞ്ഞു. നിയമം വരാൻപോകുകയാണ്. പാർലമെന്റിനകത്തിരുന്ന് ചർച്ച ചെയ്യേണ്ട വ്യക്തിയിൽനിന്നാണ് ഇത്തരം നിലപാടുണ്ടാകുന്നതെന്നത് ആ ബില്ലിന്റെ കാര്യത്തിലുണ്ടാകുന്ന സ്ഥിതി എന്തെന്ന് ഞങ്ങളെ ആശങ്കപ്പെടുത്തുകയാണ്. നേതാക്കൾ സ്ത്രീകളോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്ന് കോൺഗ്രസ്സിന്റെ നേതാവായ രേണുകാ ചൗധരി അവരുടെ നേതാക്കളെതന്നെ വിലയിരുത്തിക്കൊണ്ട് പറയുകയാണ്. മഹിളാ അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറി തുറന്ന കത്ത് മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. അതുപോലെതന്നെ കേന്ദ്രത്തിൽ

ഞങ്ങളുടെ നേതാവ് വൃന്ദാ കാരാട്ട് ഇക്കാര്യത്തെ സംബന്ധിച്ച് പ്രതികരിച്ചിട്ടുണ്ട്. എല്ലാ കാര്യത്തിനും കേസ്സെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ ഭരണകൂടം കേരളത്തിലെ സ്ത്രീകളോട് വെല്ലുവിളിച്ചിട്ടുള്ള, പ്രത്യേകിച്ച് സൂര്യനെല്ലിയിലെ പെൺകുട്ടി 17 വർഷക്കാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പീഡനത്തിന് ഒന്നുകൂടി ആക്കംകൂട്ടുന്ന രീതിയിലേയ്ക്ക് നിലപാട് സ്വീകരിച്ചിട്ടുള്ള എം.പി. സുധാകരന്റെ പേരിൽ നടപടിയെടുക്കാൻ, കേസ്സെടുക്കാൻ ഭരണകൂടം തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം........ ശ്രീ. പി. ജെ. കുര്യനെ കൂടി ഇതിനകത്ത് ചേർത്ത് പറഞ്ഞതുകൊണ്ട് ഒരു വാക്ക് ഞാൻ പറയാം. ശ്രീ. പി. ജെ. കുര്യന്റെ കേസ് അന്വേഷിച്ചത് ബഹുമാനപ്പെട്ട കെ. എസ്. സലീഖയുടെ രാഷ്ട്രീയകക്ഷി ഇവിടെ ഭരിച്ചുകൊണ്ടിരുന്ന കാലത്താണ്. രാഷ്ട്രീയം പറഞ്ഞതുകൊണ്ടാണ്, ഞാൻ രാഷ്ട്രീയം പറയില്ലായിരുന്നു. ഞാൻ പറയാനേ വന്നതല്ല, ഞാൻ അത് തൊടാൻ പോലും വന്നതല്ല. പക്ഷേ സത്യം നമ്മൾ അറിയണ്ടേ? ഇവിടെ ശ്രീ. പി. ജെ. കുര്യനെ ഒഴിവാക്കുന്നതിനുവേണ്ടി ശ്രമം നടത്തിയെന്ന പ്രതിപക്ഷ നേതാവിന്റെ ആക്ഷേപം കേട്ടാൽ പോലും അറിയാമല്ലോ എവിടെയാണ് കാര്യം പോയി നിൽക്കുന്നതെന്ന്. ഞാൻ രാഷ്ട്രിയം പറയാൻ വന്നതല്ല. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ശ്രീ. കെ. സുധാകരൻ നടത്തിയ ഒരു പ്രസ്താവനയാണ്. അത് ഈ ഗവൺമെന്റ് അംഗീകരിക്കുന്ന പ്രശ്നമേയില്ല. ഗവൺമെന്റിന് അങ്ങനെ ഒരു അഭിപ്രായവുമില്ല. പൊളിറ്റിക്കലായ പൊസിഷനാണ് ലീഡർഷിപ്പ് പറയുന്നത്. എന്റെ

രാഷ്ട്രീയ പാർട്ടി അതിന്റെ പൊസിഷൻ പറഞ്ഞുകഴിഞ്ഞു. അത് വളരെ ക്ലിയർ കട്ടാണ്. ഏത് നിലപാടിലാണ് നിൽക്കുന്നതെന്ന് പറഞ്ഞുകഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ : അങ്ങയുടെ പാർട്ടി അങ്ങനെ ഒരു നിലപാട് സ്വീകരിച്ചുവെങ്കിൽ ആ എം.പി.-യ്ക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങേയ്ക്ക് അറിയരുതോ? ഇവിടെ എന്റെ രാഷ്ട്രീയ പാർട്ടി പൊളിറ്റിക്കലായിട്ടുള്ള പൊസിഷൻ പറയുന്നു. ആ ലീഡർഷിപ്പാണ് പറയേണ്ടത്. ലീഡർഷിപ്പ് ആ ഉത്തരവാദിത്വം ചെയ്തിട്ടുണ്ട്. ലീഡർഷിപ്പ് പറഞ്ഞിട്ടില്ല എന്ന് ശ്രീമതി കെ. എസ്. സലീഖ ആവർത്തിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് ഓർമ്മിപ്പിക്കേണ്ടിവന്നത്. ലീഡർഷിപ്പ് ആ കാര്യം പറഞ്ഞിട്ടുണ്ട്. രണ്ടാമത്തേത്, ഗവൺമെന്റിനെ ബാധിക്കുന്ന കാര്യമാണ്. അത് കേരളത്തിലുണ്ടായ കാര്യമല്ലാത്തതുകൊണ്ടാണ് നമുക്കുള്ള പ്രശ്നം. അതുകൊണ്ട് നമ്മൾ ഈ കാര്യത്തിൽ ഒരു .................... ഗവൺമെന്റ് ഇത് അക്സപ്റ്റ് ചെയ്യുന്ന പ്രശ്നമേയില്ല. ഗവൺമെന്റിന്റെ നിലപാട് വേറെയാണ്.

ഡോ. തോമസ് ഐസക്ക് : കേരളത്തിലെ ടി.വി.-കളുടെ മുമ്പിലിരുന്ന് നിങ്ങളും ഞാനും കേൾക്കുന്നതല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ടി.വി.-യുടെ മുമ്പിലിരുന്ന് കേട്ടാൽ വരുന്നത് 500-ഉം 501-ഉം അനുസരിച്ച് ഡിഫോർമേഷനാണ്. ആ ഡിഫോർമേഷനുള്ള പോസിബിലിറ്റി എന്താണ്? അങ്ങേയ്ക്ക് അറിയാമല്ലോ? അങ്ങേയ്ക്ക് ഈ കാര്യത്തിൽ നല്ല ജ്ഞാനമുള്ള ആളല്ലേ? അങ്ങേയ്ക്ക് അറിയുമല്ലോ ഒരു ഡിഫോർമേഷൻ .............. ഞാനൊന്ന് പറഞ്ഞോട്ടേ? നിങ്ങൾ എഴുതിതന്നതിന് മറുപടിയാണ് ഞാൻ പറയുന്നത്. നിങ്ങളെല്ലാവരും കൂടി ചേർന്നാണ് ശ്രീമതി കെ. എസ്. സലീഖയെ ചുമതലപ്പെടുത്തിയത്. നിങ്ങൾ

അഞ്ച് ആളുകൾ ഒരുമിച്ച് എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കെ. എസ്. സലീഖയെ സംസാരിക്കാൻ സ്പീക്കർ അനുവദിക്കുക യായിരുന്നു. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ കൂടി ചേർത്താണ് ഞാൻ ഈ മറുപടി പറയുന്നത്. അതുകൊണ്ട് അതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിന്റെ തലയിൽ ചാരണ്ട. ഇതിലെ പ്രധാനപ്പെട്ട പ്രശ്നത്തെ പി.ജെ. കുര്യന്റെ കേസുമായി ബന്ധപ്പെടുത്തേണ്ട. ഇതിന്റെ പൊളിറ്റിക്കൽ പൊസി ഷനും നിയമപരമായ വശവും ഞാനിവിടെ പറയുകയാണ്. ഞങ്ങൾ ഇതിനെ സപ്പോർട്ട് ചെയ്യുന്ന പ്രശ്നമില്ല. ഒന്നും കൂടി ഞാൻ പറയുകയാണ് ഈ ഗവൺമെന്റ് സ്ത്രീകളുടെ മാന്യതയും ഡീസെന്റ്സിയും കീപ്പ് ചെയ്യുന്ന കാര്യത്തിൽ നൂറ് ശതമാനം കമ്മിറ്റഡാണ്. അതിനകത്തൊന്നും ഒരു മാറ്റവുമുണ്ടാകുന്ന പ്രശ്നമില്ല. ഇതാണ് ഗവൺമെന്റിന്റെ സ്റ്റാന്റ്.

<u>പോലീസ് സ്റ്റേഷനിൽ നിന്ന് വ്യക്തിക്ക് മോചനം</u>

<u>ശ്രീ. പി. റ്റി. എ. റഹീം</u> : സർ, ഒരാൾ ഒരു മാസമായി പോലീസ് സ്റ്റേഷനിൽ കിടക്കുകയാണ്. പോലീസ് നിസ്സഹായരാണ്. ..............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട പി. റ്റി. എ. റഹീം, ഞാൻ അടുത്ത ആളിനെ വിളിക്കട്ടേ? അങ്ങ് അവതരിപ്പിക്കൂ.

<u>ശ്രീ. പി. റ്റി. എ. റഹീം</u> : ഞാൻ അവതരിപ്പിച്ചു. ഒരാൾ ഒരു മാസമായി പോലീസ് സ്റ്റേഷനിൽ തടങ്കല്ലിലാണ്. അയാളെ വിട്ടയയ്ക്കാൻ പോലീസിന് സാധിക്കുന്നില്ല. നിയമപരമായി അയാൾക്ക് സഹായം കൊടുക്കാൻ സാധിക്കുന്നില്ല. അയാളെ ഏതെങ്കിലും രൂപത്തിൽ മോചിപ്പിക്കുന്നതിനുള്ള നടപടിയെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) സർ, കുന്നമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മേൽപ്പടിയാന് ഒന്നര വർഷം തടവും ആയിരം രൂപ പിഴയും ശിക്ഷ വിധിച്ചു. തിരുവനന്തപുരം പൂജപ്പുര സെൻട്രൽ ജയിലിലെ ശിക്ഷ പൂർത്തിയാക്കിയ ആളിനെ കോടതി ഉത്തരവ് പ്രകാരം 15-1-2013-ൽ അതിർത്തി കടത്തി വിടുന്നതിന് പൂജപ്പുര സെൻട്രൽ ജയിലിൽ നിന്നും ഏറ്റുവാങ്ങി. മേൽപ്പടിയാനെ അതിർത്തി കടത്തിവിടുന്നതിനാവശ്യമായ യാത്രാരേഖകൾ ബംഗ്ലാദേശ് എംബസ്സിയിൽ നിന്നും ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് 28-1-2013-ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ഫാക്സ് സന്ദേശം നൽകിയിട്ടുണ്ട്. രേഖകൾ ലഭിച്ചാലുടൻതന്നെ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## മലബാർ സിമെന്റ്സിലെ അഴിമതി

ശ്രീ. എം. ചന്ദ്രൻ : സർ, മലബാർ സിമെന്റ്സിലെ കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രനും അദ്ദേഹത്തിന്റെ മക്കളും മരണപ്പെട്ടത് 2011 ജനുവരിയിലാണ്. ഇത് കൊലപാതകമാണെന്ന് ശശീന്ദ്രന്റെ ഭാര്യയും ബന്ധുക്കളും പറഞ്ഞു. നിയമസഭയിൽ ഈ പ്രശ്നം ഞാൻ സബ്മിഷനായി ഉന്നയിച്ചപ്പോൾ അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ സി.ബി.ഐ. അന്വേഷണം നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു. മലബാർ സിമെന്റ്സിലെ അഴിമതിയുമായി ശശീന്ദ്രന്റെയും കുട്ടികളുടെയും മരണത്തിന് ബന്ധമുണ്ടെന്ന് പറഞ്ഞ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചു. വിജിലൻസ് അന്വേഷിച്ച അഴിമതികൾ സി.ബി.ഐ. അന്വേഷണത്തിന് വിടുന്നതിന് സമ്മതമാണെന്ന്

സർക്കാർ നിയമസഭയിൽ പറഞ്ഞെങ്കിലും ഇതിന് വിരുദ്ധമായ സമീപനമാണ് ഹൈക്കോടതിയിൽ സ്വീകരിച്ചത്. വിവാദ വ്യവസായി ചാക്ക്രാധാകൃഷ്ണനെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതെന്നാണ് ജനങ്ങളുടെ സംസാരം. അതുകൊണ്ട് മലബാർ സിമെന്റ്സിലെ അഴിമതികളും സി.ബി.ഐ. സംഘത്തെക്കൊണ്ട് അന്വേഷിപ്പിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് ഹൈക്കോടതിയിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് എന്നോട് ആവശ്യപ്പെട്ടിരുന്നത് മലബാർ സിമെന്റ്സിലെ അഴിമതി സംബന്ധിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്നാണ്. അതാണ് അങ്ങ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇവിടെ മലബാർ സിമെന്റ്സിലെ മുൻ കമ്പനി സെക്രട്ടറി ശശീന്ദ്രന്റെയും കുട്ടികളുടെയും ദുരൂഹമായ മരണം സി.ബി.ഐ. അന്വേഷണത്തിന് വിട്ടുകൊണ്ട് ജി.ഒ. (എം.എസ്.) നമ്പർ 45/2011/ഹോം 17.2.2011 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മലബാർ സിമെന്റ്സ് അഴിമതി സംബന്ധിച്ച് വി.സി. 3/2008 പാലക്കാട്, 7/2008 പാലക്കാട്, 8/2008 പാലക്കാട്, 1/2009 പാലക്കാട്, 8/2011 പാലക്കാട് എന്നീ അഞ്ച് വിജിലൻസ് കേസുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ഷീറ്റ് കൊടുക്കുകയും അഞ്ചാമത്തേതിൽ അന്വേഷണം നടത്തിവരികയുമാണ്. ചാർജ്ഷീറ്റ് ചെയ്ത നാല് കേസുകളിലും തൃശ്ശൂർ വിജിലൻസ് കോടതി കേസ് നമ്പർ അലോട്ട് ചെയ്തിട്ടുണ്ട്. സി.സി. നമ്പർ 32/2010, 22/2011, 2/2011, 34/2011 എന്നിവയാണ് ആ കേസുകളുടെ നമ്പർ. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിച്ച് കോടതിയിൽ ചാർജ്ഷീറ്റ് ചെയ്തതടക്കം കേസുകളിൽ സി.ബി.ഐ. അന്വേഷണം

വേണമെന്ന് ആവശ്യപ്പെട്ട് മരണപ്പെട്ട ശശീന്ദ്രന്റെ പിതാവ് വേലായുധൻ മാസ്റ്റർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 9666/2012 –ൽ പ്രധാനമായും ആവശ്യപ്പെട്ടിരുന്നത്. ഇതുസംബന്ധിച്ച് സർക്കാർ താഴെ പറയുന്ന നിലപാട് സ്വീകരിച്ചു. അതാണ് അങ്ങ് ഞാൻ ഫയലിൽ കുറിച്ചതായിട്ട് പറയുന്നത്. Government of Kerala has no objection in allowing CBI to enquire into the alleged matters under investigation by VACB. അതാണ് ഞാൻ ഫയലിൽ കുറിച്ചിട്ടത്. ഞാൻ ഫയലിൽ കുറിച്ചിട്ടതിന്റെ കോപ്പി എല്ലാവരുടെയും കയ്യിലുള്ളതായിട്ട് ആ രേഖകൾ പലതും കണ്ടപ്പോൾ എനിക്കും ബോധ്യപ്പെട്ടു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച ഏത് രേഖകളും പരിശോധിക്കാൻ സി.ബി.ഐ.–ക്ക് നൽകുന്നതിന് സംസ്ഥാന സർക്കാരിന് സമ്മതമാണെന്നും ആഭ്യന്തര വകുപ്പ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 16–1–2013–ൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുമുണ്ട്. ഇതാണ് അതിന്റെ സത്യം.

## ജീവകാരുണ്യ പ്രവർത്തനത്തിന് ഫണ്ട്

ശ്രീ. പുരുഷൻ കടലുണ്ടി : സർ, എൽ.ഡി.എഫ്. ഗവൺമെന്റ് ജീവകാരുണ്യ പ്രവർത്തന രംഗത്ത് മാതൃകാപരമായ ഇടപെടലുകളാണ് മുമ്പ് നടത്തിയിരുന്നത്. അതിന്റെ തുടർച്ച ഇപ്പോൾ നടക്കുന്നുണ്ട്. എന്നാൽ ഇന്ത്യയ്ക്ക് മാതൃകയായ ഈ പ്രവർത്തനത്തിന് തുടർച്ചയായി ജീവകാരുണ്യ പ്രവർത്തനം ശക്തിപ്പെടുത്താൻ സർക്കാർ ബഡ്ജറ്റിൽ വലിയ തുക വകയിരുത്തണം. കേരളത്തിലും ഇന്ത്യയിലും അന്താരാഷ്ട്രരംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന ഏജൻസി

കളും സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളും വഴി സഹായം പ്രയോജനപ്പെടുത്താൻ സാമൂഹ്യ സുരക്ഷാ മിഷനിലൂടെ സാമൂഹ്യനീതി വകുപ്പ് തയ്യാറാകണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന സ്ഥാപനമാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ. മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പാക്കി കരുണയും സഹായവും ആവശ്യമായ ഏതൊരാൾക്കും എപ്പോഴും സഹായ ഹസ്തവുമായി നിലകൊള്ളണമെങ്കിൽ വൻതോതിലുള്ള ഫണ്ട് ആവശ്യമാണ്. ബഡ്ജറ്റിന് പുറത്തുനിന്നും തുക കണ്ടെത്തേണ്ടതായി വരും. കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സാമൂഹിക ഉത്തരവാദിത്വം നിറവേറ്റുവാനുള്ള അവരുടെ ഫണ്ടിൽ നിന്നും തുക നൽകുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. മലബാർ സിമെന്റ്സ് ഇതിനായി മുന്നോട്ടു വന്നുകഴിഞ്ഞിട്ടുണ്ട്. വി കെയർ എന്ന പേരിൽ തുടങ്ങുന്ന പദ്ധതിയിൽ പെയ്മെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ രാജ്യത്തിനകത്തും പുറത്തും നിന്നുള്ള ജീവകാരുണ്യ പ്രസ്ഥാനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ഫണ്ട് ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതി സംബന്ധിച്ച് പല ഉന്നതതല യോഗങ്ങൾ ഇതിനകം ചേരുകയുണ്ടായി. ഫണ്ട് സമാഹരിക്കുന്ന ഏജൻസിയെ നിർണ്ണയിക്കുന്നതിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ സമാഹരിക്കുന്ന തുക ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതിന് സാമൂഹ്യനീതി പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫോറിൻ കോൺട്രിബ്യൂഷൻ റഗുലേഷൻ ആക്ട് അനുസരിച്ചുള്ള അനുവാ

ദത്തിനായി കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2013 ജനുവരി 30-ന് ചേർന്ന യോഗത്തിൽ ഏപ്രിൽ 7-ന് പദ്ധതി നിലവിൽ വരണമെന്ന് തീരുമാനിച്ചിട്ടുണ്ട്. പേയ്മെന്റ് ഗേറ്റ്‌വേ സാദ്ധ്യമാകുന്നതോടുകൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർക്ക് ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളുപയോഗിച്ച് ഇന്റർനെറ്റുവഴി ഫണ്ടിലേയ്ക്ക് സംഭാവന നൽകാൻ കഴിയും. റെസീപ്റ്റ് നെറ്റ് വഴി തന്നെ അവർക്ക് ലഭിക്കും. ഇത് സുതാര്യമായി ചെയ്യുന്നതിനായി സോഷ്യൽ ഓഡിറ്റ് ചെയ്യുവാൻ മാധ്യമപ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, ജനപ്രതിനിധികൾ തുടങ്ങിയവരുടെ ഒരു സംസ്ഥാനതല സമിതി രൂപീകരിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. കേരള ഗവൺമെന്റിന്റെ ഏറ്റവും തിളക്കമാർന്ന ഈ നൂതന പദ്ധതി ലോകത്തിന് തന്നെ മാതൃകയായി മാറണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം.

<u>വിദ്യാഭ്യാസ വായ്പ</u>

<u>ശ്രീ. എം. എ. ബേബി</u>: സർ, ശ്രീ. സി. ദിവാകരൻ വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ ഇവിടെ അവതരിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല, ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ നിയമസഭയിലെ പ്രഖ്യാപനം 2012 മാർച്ച് 23-ാം തീയതിയിലെ പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തതാണ്. “2003 മുതൽ 2009 വരെയുള്ള എല്ലാ വിദ്യാഭ്യാസ വായ്പകളുടേയും പലിശബാധ്യത സർക്കാർ ഏറ്റെടുക്കുമെന്ന് മന്ത്രി ശ്രീ. കെ. എം. മാണി പറഞ്ഞു. ബഡ്ജറ്റിൽ ബി.പി.എൽ.-കാർക്ക് മാത്രം പ്രഖ്യാപിച്ച ആനുകൂല്യമാണ് വിപുലീകരിച്ചിരിക്കുന്നത്.” പിന്നീട് ബി.പി.എൽ. വിദ്യാർത്ഥികളുടെ വായ്പയുടെ കാര്യത്തിൽ മാത്രമേ ഗവൺമെന്റ്

ഉത്തരവാദിത്തം ഏറ്റെടുക്കുകയുള്ളൂ എന്നൊരു പ്രഖ്യാപനമാണ് മുഖ്യമന്ത്രി ഒക്ടോബറിൽ നടത്തിയത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പ് നടപ്പാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ എ.പി.എൽ./ബി.പി.എൽ വേർതിരിവ് പാടില്ല. മറ്റൊന്ന് സമീപ സംസ്ഥാനങ്ങളിൽ പഠിക്കാൻ പോകുന്ന കുട്ടികളുടെ വിദ്യാഭ്യാസ വായ്പയുടെ ബാധ്യത  ഏറ്റെടുക്കാൻ കഴിയില്ല എന്നുള്ള നിലപാട് ചില ബാങ്കുകൾ എടുക്കുന്നുണ്ട്. അത് തിരുത്തണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരം ബാങ്കുകളുടെ മാനേജ്മെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് അഭ്യർത്ഥിക്കേണ്ടതല്ല, കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുത്താൽ അത് നടപ്പിലാക്കേണ്ടതാണ്. അക്കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് ഉറച്ച സമീപനമെടുക്കണം. ഈ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പിൽ ഗവൺമെന്റ് ഉറച്ചു നിൽക്കുമോ എന്നുള്ളതാണ് അറിയേണ്ടത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2009 മുതൽ വിദ്യാഭ്യാസ വായ്പയ്ക്കുള്ള ബി.പി.എൽ. അപേക്ഷകരുടെ പലിശ ഇളവ് ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എന്റെ കൈയിലുള്ള രേഖകൾ പ്രകാരം 2012–13–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തിനുശേഷം ജോലി കിട്ടാത്തതിനെ തുടർന്ന് അവശതയനുഭവിക്കുന്നതുമായ ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തെ പലിശബാധ്യത സംസ്ഥാന

ഗവൺമെന്റ് ഏറ്റെടുക്കുമെന്നാണ്. അങ്ങ് പറഞ്ഞതുപോലെ ബി.പി.എൽ.-ന് പുറത്ത് പലിശബാധ്യത ഏറ്റെടുക്കുമെന്ന പറഞ്ഞ ഒരു രേഖയും ഞങ്ങളുടെ കൈവശമില്ല. അങ്ങനെയൊരു രേഖ നൽകിയാൽ പരിശോധിക്കാം.

ശ്രീ. എം. എ. ബേബി: 2012 മാർച്ച് 22-ാം തീയതിയിലെ നിയമസഭാ രേഖകൾ പരിശോധിച്ചാൽ മതി.

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ കൈയിലുള്ള ഫയൽ അനുസരിച്ച് അങ്ങനെയുള്ള പ്രഖ്യാപനം കാണുന്നില്ല. അങ്ങ് രേഖ നൽകിയാൽ അത് പരിശോധിക്കാം. പക്ഷേ, ഒരു കാര്യം മനസ്സിലാക്കണം. 2009-ലാണ് കേന്ദ്രം പലിശ ഇളവ് ചെയ്യുമെന്ന് പറഞ്ഞത്. 2009-ന് ശേഷം 2012-ലെ ബഡ്ജറ്റിൽ മാത്രമാണ് കേരളത്തിൽ ഈ ആനുകൂല്യം മുൻകാല പ്രാബല്യത്തോടെ കൊടുക്കുമെന്ന് പറഞ്ഞത്. അന്നുവരെ ഉണ്ടായിരുന്ന ഗവൺമെന്റ് ഇക്കാര്യം ആലോചിച്ചില്ല. ഇപ്പോഴത്തെ ഗവൺമെന്റാണ് ബി.പി. എൽ. വിഭാഗത്തിനെങ്കിലും പലിശ ഇളവുചെയ്യാൻ തീരുമാനിച്ചത്. അതനുസരിച്ച് 2004 മുതലുള്ള ബി.പി.എൽ. വിഭാഗത്തിന്റെ പലിശ ഇളവു ചെയ്യുന്നതു സംബന്ധിച്ച നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള റവന്യൂ റിക്കവറി നിർത്തിവച്ചിട്ടുണ്ട്, മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. അത് 10-12-2012 മുതൽ ആറു മാസത്തേയ്ക്ക് നീട്ടിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതായ രേഖകൾ ഹാജരാക്കാമെങ്കിൽ അക്കാര്യം പരിശോധിക്കാം.

## കാസർഗോഡ് ജില്ലയിലെ കർഷകർക്ക് പ്രത്യേക പാക്കേജ്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്ക് ഒരു പ്രത്യേക പാക്കേജ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റിന്റെ അവസാന വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു; ശ്രീ. ടി. എം. തോമസ് ഐസക് പത്തു കോടി രൂപ അടയ്ക്കാ കർഷകർക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആവർത്തിച്ച് ആ തുക കൃഷിക്കാർക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് സഭയിൽ ഉറപ്പ് നൽകിയിരുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അടയ്ക്കാ കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും കൃഷി ഭവനിലൂടെ ആയിരക്കണക്കിന് കൃഷിക്കാരുടെ അപേക്ഷ ശേഖരിക്കുകയും ചെയ്തിട്ട് വർഷങ്ങളായി. ഇക്കാലമത്രയും കാത്തിരിപ്പല്ലാതെ ആ തുക അവരുടെ കൈകളിലെത്തിയിട്ടില്ല. ഇപ്പോൾ അഖിലേന്ത്യാ കിസാൻസഭയുടെ നേതൃത്വത്തിൽ വമ്പിച്ചതോതിൽ കമുക് കർഷകരുടെ നേതൃത്വത്തിൽ സമ്മേളനം നടത്തുകയും ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയുമാണ്. ഇനിയെങ്കിലും അത് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ഇ. ചന്ദ്രശേഖരൻ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ഭരണാനുമതിയും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുവെങ്കിലും ഫണ്ട് നീക്കിവച്ചിരുന്നില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതുവരെയും പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. കഴിഞ്ഞ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റിൽ ഇതിനുവേണ്ട തുക കണ്ടെത്താൻ കഴിയാത്തതിനെ തുടർന്ന് കാർഷിക മേഖലയ്ക്കായി ഈ വർഷത്തെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതത്തിനുള്ളിൽ നിന്ന് ഉചിതമായ പുന:ക്ര

മീകരണങ്ങളിലൂടെ പദ്ധതിക്കാവശ്യമായ വിഹിതം കണ്ടെത്തുവാൻ സ്വീകരിച്ച നടപടിയും ഫലവത്തായില്ല. ഈ സാഹചര്യത്തിൽ 2013–14 ബഡ്ജറ്റിൽ അടയ്ക്കാ കർഷക പാക്കേജ് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ആനത്തൊട്ടാവാടിമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ആനത്തൊട്ടാവാടി എന്ന സസ്യം സംസ്ഥാനത്തെ പൊതുസ്ഥലങ്ങളിലും കൃഷിപ്രദേശങ്ങളിലും വാസസ്ഥലങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യനും മൃഗങ്ങൾക്കും ജീവജാലങ്ങൾക്കും ഒരുപോലെ ഹാനികരമായ ഈ സസ്യം വ്യാപിക്കുന്നതിന്റെ ഭാഗമായി വലിയതോതിൽ സസ്യസമ്പത്ത് നശിക്കുകയാണ്. കടുത്ത ചൂടുള്ള പ്രദേശങ്ങളിൽ മാത്രം കണ്ടിരുന്ന സസ്യമാണിത്. കേരളത്തിന്റെ ഭൂപ്രദേശങ്ങളിൽ ഇത് വ്യാപിക്കുന്നത് തടയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. മൃഗങ്ങളുടെ ദേഹത്ത് ഉണ്ടായിരുന്ന ടിക്ക് എന്നു പറയുന്ന ജീവി മനുഷ്യന്റെ ദേഹത്ത് വ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് ഒരു കത്ത് തന്നിരുന്നു. അതും ഇത്തരത്തിൽ വളരെ ഗൗരവമായി എടുക്കേണ്ട പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ആരോഗ്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽ ഈ വിഷയങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഈ കാര്യങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സംസ്ഥാനത്തെ വനമേഖലകളിലും റബ്ബർ

കൃഷി മേഖലകളിലും കണ്ടുവരുന്ന ആനത്തൊട്ടാവാടി പുറംനാട്ടിൽ നിന്നും വന്നിട്ടുള്ള കളസസ്യമാണ്. ഇതിന്റെ ശാസ്ത്രീയ നാമം മൈമോസ ഇൻവിസ എന്നാണ്. ഇവ വളരെ വേഗത്തിൽ വ്യാപിക്കുന്നതും നിലവിലുള്ള കൃഷി പ്രദേശത്തെ സസ്യസമ്പത്തിനെ നശിപ്പിക്കുന്നതും മനുഷ്യനും മൃഗങ്ങൾക്കും ഒരുപോലെ ഹാനികരവുമാണ്. ആയതിനാൽ ഇതിനെ നശിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കേരള കാർഷിക സർവ്വകലാശാല നടത്തിയ പഠന ങ്ങളിൽ 10 മി.ലിറ്റർ ഗിൽഫോസ് ഫോസ്ഫേറ്റ് എന്ന കളനാശിനി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ചാൽ ആനത്തൊട്ടാവാടി എന്ന കളസസ്യത്തെ നശിപ്പിക്കാമെന്ന് തെളിഞ്ഞിട്ടുണ്ട്. ആനത്തൊട്ടാവാടിയുടെ വ്യാപനം തടയുന്നതിന് നിലവിൽ കൃഷിവകുപ്പു മുഖേന പദ്ധതികളൊന്നും ആവിഷ്ക്ക രിച്ച് നടപ്പാക്കാത്തതിനു കാരണം ഇത് സംസ്ഥാന വ്യാപകമായിട്ടുള്ള പ്രശ്ന മല്ലെന്നുള്ളതാണ്. ഇതിനെതിരെയുള്ള കളനാശിനി പ്രയോഗം വനമേഖല യിൽ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ വ്യാപക മായ കളനാശിനിപ്രയോഗം പ്രായോഗികമല്ല. കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാ ലയത്തിന്റെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് പ്രോഗ്രാം, ഡൽഹി യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ എൻവയോൺമെന്റ് മാനേജ്മെന്റ് ഓഫ് ദ ഗ്രേഡഡ് ഇക്കോ സിസ്റ്റംസ് എന്നീ സ്ഥാപനങ്ങൾ ചേർന്ന് ഇതു സംബന്ധിച്ച് ദേശീയതലത്തിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ വിദേശ അധിനിവേശ കളകളെക്കുറിച്ച് കേരള വനഗവേഷണകേന്ദ്രം സംസ്ഥാനത്ത് നടത്തിയ പഠനത്തിൽ ആവാസ വ്യവസ്ഥകൾക്ക് ഭീഷണിയായി കണ്ടെത്തിയ സസ്യങ്ങളിൽ ആനത്തൊട്ടാവാടിയും ആവാസവ്യവസ്ഥകൾക്ക് പ്രത്യേ കിച്ചും, വനങ്ങൾക്ക് ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണെന്ന് കണ്ടെ

ത്തിയിട്ടുണ്ട്. ഇതിന്റെ വ്യാപനം തടയുന്നത് സംബന്ധിച്ചുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ കേരള കാർഷിക യൂണിവേഴ്സിറ്റിയും മറ്റ് അനുബന്ധ വകുപ്പുകളും മുഖാന്തിരം ശേഖരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ആരോഗ്യ ഇൻഷുറൻസ് പദ്ധതി കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് വലിയ ആശ്വാസകരമായിരുന്നു. എന്നാൽ ഇപ്പോൾ അത് നിലച്ച മട്ടിലാണ്. ജനറൽ ഇൻഷ്വറൻസ് കമ്പനിയെ ഏൽപ്പിച്ചിരുന്ന ഈ പദ്ധതി 2013 ഏപ്രിൽ മുതൽ റിലയൻസിനെ ഏൽപ്പിക്കാൻ പോകുന്നു എന്നുകേട്ടു. ഇപ്പോൾ ആശുപത്രികളൊന്നും രോഗികളെ ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. കോടിക്കണക്കിന് രൂപയാണ് ഓരോ ആശുപത്രിക്കും കുടിശ്ശികയായി കിടക്കുന്നത്. സർക്കാർ പ്രീമിയം അടയ്ക്കാൻ തയ്യാറാകുന്നില്ല എന്നാണ് ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി ആശുപത്രി ഭാരവാഹികളോട് പറയുന്നത്. വടകര–കൊയിലാണ്ടി താലൂക്കിന്റെ കിഴക്കൻ പ്രദേശത്തുള്ള ഏക ആശുപത്രിയാണ് പേരാമ്പ്രയിലെ ഇ.എം.എസ്. സഹകരണ ആശുപത്രി. അവിടെ 62 ലക്ഷം രൂപ കുടിശ്ശിക കിടക്കുകയാണ്. ആ തുക വാങ്ങിക്കൊടുക്കാൻ ജില്ലാ നോഡൽ ഓഫീസർ വേണ്ടത്ര ജാഗ്രത കാണിക്കുന്നില്ല. ഏപ്രിൽ മുതലുള്ള സാമ്പത്തിക വർഷത്തിൽ പുതിയ ഇൻഷ്വറൻസ് കമ്പനി വരികയാണെങ്കിൽ അതുവരെയുള്ള സംഖ്യ ആശുപത്രികൾക്ക് കൊടുക്കാൻ ആവശ്യമായ നടപടിയെടുത്ത് ഇത്തരം സഹകരണ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും രക്ഷിക്കാൻ തയ്യാറാകണമെന്നാണ് ഉന്നയിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഭാഗിക മായി ശരിയാണ്. അല്പം വൈകി എന്നുള്ളത് ഒരു വസ്തുതയാണ്. ഈ വർഷം തുടക്കത്തിൽത്തന്നെ ക്രമാതീതമായി ഇൻഷ്വറൻസ് പ്രീമിയം വർദ്ധിച്ചു. 748 കോടിയായിരുന്നത് ഒറ്റയടിക്ക് 1274 കോടി രൂപയായി ടെണ്ടർ വർദ്ധിച്ചു. ആ സമയത്ത് ബഡ്ജറ്റിൽ അതിനാവശ്യമായ പ്രൊവിഷൻ സംബന്ധിച്ച പോരായ്മയുണ്ടായി. എന്നാൽ അതു ചർച്ച ചെയ്ത് 1274 കോടി ആയിരുന്നത് 1100 കോടി രൂപയായി കുറപ്പിച്ചു. ഏപ്രിൽ മുതലുള്ള ആ കാലയളവിൽ ചർച്ചകൾ നടന്നപ്പോൾ പ്രീമിയം കൊടുക്കാൻ വൈകി. ജൂലൈ മാസത്തിലെ പ്രീമിയം തുകയായ 15 കോടി രൂപയും നേരത്തെയുള്ള 5 കോടിയും ചേർത്ത് 20 കോടി രൂപ കൊടുത്തു. പിന്നീട് കൃത്യമായി കൊടു ത്തുകൊണ്ടിരുന്നു. ബഡ്ജറ്റിംഗ് പ്രൊവിഷന്റെ പ്രോബ്ലം കൊണ്ടുതന്നെ ക്രമാതീതമായി 308 കോടി രൂപയായിരുന്നു അവർക്ക് കൊടുക്കേണ്ടിയിരു ന്നത്. അങ്ങനെ വന്നതുകൊണ്ടാണ് പിന്നീട് കാലതാമസമുണ്ടായത്. സ്റ്റേറ്റിന്റെ വിഹിതമായ 45 കോടി രൂപ, അതാണ് അവസാനം കൊടുക്കാനു ണ്ടായിരുന്നത്, കഴിഞ്ഞ 15-ാം തീയതി അതിന്റെ ജി.ഒ. ആയിട്ടുണ്ട്. അതിപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നം ഉടൻ പരിഹരിക്കപ്പെടും. ഇതിന്റെ ഗ്രീവൻസ് സെൽ ഫലപ്രദമല്ല എന്ന കാര്യം കൂടി അദ്ദേഹം സബ്മിഷനിൽ എഴുതിത്തന്നിരുന്നു. ഒരുപാട് ക്രമക്കേടുകൾ സ്വകാര്യമേഖലയിലെ ആശുപത്രികൾ നടത്തിയിട്ടുണ്ട് എന്നുള്ളത് വസ്തുത യാണ്. ഇൻപേഷ്യന്റ് സ്കീമാണെങ്കിലും വഴിയേ പോകുന്നവരെ പിടിച്ച് കിട ത്തി ചികിത്സിപ്പിക്കുന്ന സംവിധാനംകൂടി വന്നതാണ് പ്രീമിയം ഇത്രയും

വർദ്ധിക്കാൻ കാരണമായത് എന്നാണ് ആർ.എസ്.ബി.വൈ, കേന്ദ്ര ഗവൺമെന്റ് അക്കാര്യത്തിൽ കണ്ടെത്തിയത്. എന്താണെങ്കിലും ഈ വർഷം നമുക്കെല്ലാം വലിയ താല്പര്യമില്ലെങ്കിൽപ്പോലും റിലയൻസ് ഇൻഷു റൻസിനെയാണ് ഈ പദ്ധതി ഏൽപ്പിക്കുന്നത്. കഴിഞ്ഞ വർഷം 1274-ഉം പിന്നീട് 1109 കോടി രൂപയായും യുണൈറ്റഡ് ഇൻഷ്വറൻസ് ക്വാട്ട് ചെയ്തി രുന്ന സ്ഥാനത്ത് 738 കോടി രൂപയാണ് റിലയൻസ് ഇൻഷ്വറൻസ് ക്വാട്ട് ചെയ്തിരിക്കുന്നത്. 150 കോടി രൂപയുടെ ലാഭമാണ് സംസ്ഥാന ഗവൺമെന്റിന് വന്നിട്ടുള്ളത്. നമ്മുടെ ഏജൻസിയെ ശക്തിപ്പെടുത്തി കൃത്രിമങ്ങൾ നടക്കാതെ നോക്കാനും ഈ പദ്ധതി ഫലപ്രദമാക്കി ജനങ്ങൾക്ക് ഗുണം നൽകുന്ന നിലയിലേയ്ക്ക് മുന്നോട്ടുകൊണ്ടുപോകുന്നതിനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

**കർഷക തൊഴിലാളി ക്ഷേമ ബോർഡിലെ സാമ്പത്തിക പ്രതിസന്ധി**

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, കേരളത്തിലെ കർഷക തൊഴിലാളിക ളുടെ ക്ഷേമം ലക്ഷ്യമാക്കി 1990-ൽ നടപ്പിലാക്കിയ കേരള കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി ഇന്ന് തകർച്ചയുടെ വക്കിലാണ്. ക്ഷേമനിധി ബോർഡിന്റെ സാമ്പത്തികസ്ഥിതി അതീവ ഗുരുതരമായിരിക്കുകയാണ്. ക്ഷേമനിധിബോർഡിന്റെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതിന്റെ ഫലമായി അംഗങ്ങളായ തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ ക്ഷേമനിധി ബോർഡിന് കഴിയുന്നില്ല. ഇതിലേറ്റവും ഖേദകരമായ ഒരു സ്ഥിതി ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ മരണപ്പെ ട്ടാൽ സംസ്ക്കാര ചടങ്ങിനായി അടിയന്തരമായി കൊടുക്കേണ്ട തുക ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ല. അങ്ങനെ ഏകദേശം 1198 പേരുടെ

അപേക്ഷ ഇപ്പോൾ പണം കൊടുക്കാൻ നിവൃത്തിയില്ലാതെ കിടക്കുകയാണ്. കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞ ഗവൺമെന്റ് 114.9 കോടി രൂപ കുടിശ്ശിക തീർക്കു വാനായി കൊടുത്തിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുവർഷമായി ഒരാനുകൂ ല്യവും കൊടുക്കുവാൻ കഴിയുന്നില്ല. ഏതാണ്ട് 219386 പേരുടെ അപേക്ഷ ഇപ്പോഴും തീർപ്പാക്കാൻ കഴിയാതെ, പണം കൊടുക്കാൻ കഴിയാതെ കെട്ടി ക്കിടക്കുകയാണ്. അതിവർഷ ആനുകൂല്യം 155517 പേർക്ക് നൽകാനുണ്ട്. വിവാഹധന സഹായം 57203 പേർക്കും മരണാനന്തര ധനസഹായം 5114 പേർക്കും പ്രസവ ധനസഹായം 944 പേർക്കും ചികിത്സാ സഹായം 614 പേർക്കും നൽകാനുണ്ട്. 121.47 കോടി രൂപ ഉണ്ടെങ്കിൽ മാത്രമേ ഈ ആനു കൂല്യം കൊടുക്കുവാൻ സാധിക്കുകയുള്ളു. കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ കയ്യിൽ നിന്നും ഇപ്പോൾ 5 രൂപയാണ് പിരിക്കുന്നത്. കർഷക തൊഴിലാളി ക്ഷേമനിധിബോർഡ് ആ തുക 10 രൂപയാക്കി വർദ്ധിപ്പിക്കാനും ഭൂവുടമകളുടെ വിഹിതം ഇപ്പോൾ പിരിക്കുന്നതോടൊപ്പംതന്നെ ഒരു പ്രത്യേക സെസ് ഏർപ്പെടുത്താനും ഭൂമിയുടെ ക്രയവിക്രയത്തിലൂടെ ലഭിക്കുന്ന തുക യിൽ പ്രത്യേകം സെസ് ഏർപ്പെടുത്തുകയും വേണം. അതുപോലെ തൊഴിലാ ളികളുടെ ഗ്രാന്റിന് തുല്യമായി മാച്ചിംഗ് ഗ്രാന്റ് അനുവദിക്കാനും ഗവൺമെന്റ് തയ്യാറാവണം. ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് എത്രയുംപെട്ടെന്ന് കുടിശ്ശിക ആനുകൂല്യം കൊടുക്കുന്നതിന് ധനകാര്യവകുപ്പുമന്ത്രിയുംകൂടി ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഇതേ വിഷയം കഴിഞ്ഞ ദിവസം ശ്രദ്ധ ക്ഷണിക്കലായി

വരികയും വിശദമായ മറുപടി പറയുകയും ചെയ്തതാണ്. ഞാനും 121 കോടി രൂപ കൊടുക്കാനുണ്ടെന്ന് പറഞ്ഞതാണ്. 2001 മുതൽ 2009 വരെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 114.9 കോടി രൂപ കൊടുത്തു എന്നുള്ളത് വസ്തുതയാണ്. അത് 9 വർഷത്തെ കുടിശ്ശികയാണ്. ആ ഗവൺമെന്റുതന്നെ അതിനുശേഷമുള്ള വർഷങ്ങളിലൊന്നും കൊടുത്തിട്ടില്ല. ഇപ്പോൾ മൂന്നുവർഷമായിട്ടുള്ള കുടിശ്ശിക നിലനിൽക്കുന്നുണ്ട്. പക്ഷേ, ഇന്നത്തെ സാമ്പത്തിക സ്ഥിതിവച്ച് സർക്കാരിൽ നിന്ന് അതെടുത്തു കൊടുക്കുക എളുപ്പമല്ല. അതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ഒരു ഉറപ്പ് നൽകാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. അതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം നിർദ്ദേശിച്ചതുപോലെ ഇതിലുള്ള അഞ്ചു രൂപയെന്നുള്ളത് വർദ്ധിപ്പിച്ച് പത്ത് രൂപയാക്കി ക്ഷേമനിധി ബോർഡുകളെപോലെ 20 രൂപ ആക്കണമെന്നുള്ള വ്യക്തിപരമായ അഭിപ്രായമാണ് എനിക്കുമുള്ളത്. ആ നിലയിൽ ഭൂവുടമകളുടെ വരുമാനവും വർദ്ധിപ്പിച്ച് ഇതിലെ ബോഗസ് മെമ്പർഷിപ്പ്, വഴിയെപോകുന്നവരെല്ലാം ഇപ്പോൾ മെമ്പറാകുന്നു എന്ന അവസ്ഥ ഒഴിവാക്കിക്കൊണ്ട് ഇത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാൻ ഗവൺമെന്റ് പരിശ്രമിക്കുകയും തീർച്ചയായും ഈ കാര്യങ്ങൾ ഗൗരവത്തിൽ എടുക്കുകയും ചെയ്യുന്നതാണ്.

## പുകയിലതോപ്പ് കോളനിയിലെ വികസന പ്രോജക്ട്

ശ്രീ. വി. ശശി : സർ, പൂൾഡ് ഫണ്ട്, കോർപ്പസ് ഫണ്ട് എന്നീ ഹെഡ്ഡുകളിലായി 150-ൽപരം കോടി രൂപ കഴിഞ്ഞവർഷവും ഈ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിനെ സംബന്ധിച്ച്

വ്യക്തമായ ഒരു നയം സർക്കാർ സ്വീകരിച്ചുകാണുന്നില്ല. കഴിഞ്ഞ വർഷം പൂൾഡ് ഫണ്ടിൽ നിന്നും 416 പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി 15 ലക്ഷം രൂപ വീതം 62.40 കോടി രൂപ അനുവദിച്ചുകൊണ്ട് സർക്കാർ 13–3–2012–ൽ ഒരു ഉത്തരവിറക്കിയിരുന്നു. എന്നാൽ 31–3–2012–ൽ അനുവദിച്ച 30 കോടി രൂപ ആ വർഷം ചെലവഴിക്കാതെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ചിരിക്കുകയായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ തുക കൂടി വിനിയോഗിച്ചുകൊണ്ട് നടപ്പുവർഷം മറ്റൊരു പദ്ധതി നടപ്പിലാക്കാൻ ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. 120 പട്ടികജാതി സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം സമഗ്ര വികസനം നടപ്പാക്കാനായി രുന്നു ആ പരിപാടി. ഇത് നടപ്പാക്കാൻ പട്ടികജാതി സങ്കേതങ്ങൾ എം.എൽ. എ.–മാർ തെരഞ്ഞെടുത്തുകൊടുത്തു. ഏത് ഏജൻസിയെക്കൊണ്ട് ഇത് നടപ്പാക്കും എന്ന കാര്യവും അവർ നിർദ്ദേശിക്കുകയുണ്ടായി. എന്റെ നിയോ ജക മണ്ഡലത്തിൽ 150 –ഓളം പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പുകയില തോപ്പ് എന്ന കോളനിയെയാണ് നിർദ്ദേശിച്ചത്. പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി. അവർ സമഗ്ര വിക സനം എന്ന ലക്ഷ്യം മനസ്സിൽ കണ്ടുകൊണ്ട് അവിടെ സർവ്വേ നടത്തി അഞ്ചു കോടി രൂപയുടെ പ്രൊപ്പോസലാണ് തയ്യാറാക്കി സമർപ്പിച്ചത്. വീടില്ലാത്ത വർക്ക് വീട്, റോഡ്, കക്കൂസ് അതുപോലെയുള്ള എല്ലാ ഭൗതിക സാഹചര്യ ങ്ങളും ഒരുക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു. എന്നാൽ ഒരു കോടി രൂപ മാത്രമാണ് ഈ പ്രഖ്യാപനത്തിലുള്ള ത്. ഇതു സംബന്ധിച്ച് വ്യക്തമായ ഒരുത്തരവ് സർക്കാർ ഇതുവരെ കൊടു

ത്തിട്ടില്ല. നിലവിലുള്ള ഉത്തരവ് എന്നുപറയുന്നത് 15 ലക്ഷം രൂപയുടേതാണ്. ഇത് മാറ്റി ഒരു കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കുന്നതിന് വ്യക്തമായ ഒരു സർക്കാർ ഉത്തരവ് ഇതുവരെ പുറപ്പെടുവിക്കാത്തതുകൊണ്ട് ഈ പ്രോജക്ട് തയ്യാറാക്കുന്ന കാര്യത്തിൽ ഒട്ടേറെ കാലതാമസം വരുന്നുണ്ട്. ഇനി അവശേഷിക്കുന്ന കുറച്ചുനാളുകളെയുള്ളൂ. കഴിഞ്ഞ കൊല്ലം കൊടുത്ത 30 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ല. ഇക്കൊല്ലം പൂൾഡ് ഫണ്ടിൽ നിന്നാണോ കോർപ്പസ് ഫണ്ടിൽനിന്നാണോ പൈസ കൊടുത്തതെന്നറിയില്ല. അങ്ങനെ സമന്വയിപ്പിച്ചാണ് നടപ്പാക്കാൻ പോകുന്ന തെന്ന് കാണിച്ചുകൊണ്ടുള്ള ഒരുത്തരവും സർക്കാർ ഇറക്കിയിട്ടില്ല. ഇപ്പോൾ ഈ പദ്ധതി നടപ്പാക്കുന്നതിൽ മൊത്തത്തിൽ ഗുരുതരമായ വീഴ്ചയുണ്ട്. പുകയിലതോപ്പ് കോളനി വിഷയത്തിലാണെങ്കിലും ഈ വിഷയത്തിലാണെങ്കി ൽപ്പോലും ഇതുവരെ ഒരു പ്രൊപ്പോസൽ തയ്യാറാക്കാനും ഈ പ്രശ്നങ്ങൾ കാരണം സാധിച്ചിട്ടില്ല. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഈ സബ്മിഷൻ കൊണ്ടുവന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ശശി മൂന്നു മിനിട്ടാണ് ഒരു സബ്മിഷനുവേണ്ടി എടുത്തത്.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കോർപ്പസ് ഫണ്ടും പൂൾഡ് ഫണ്ടും ചെലവഴിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട് കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഈ വർഷം സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നുള്ള രീതിയിൽ 50 കുടുംബങ്ങൾ അധികം താമസിക്കുന്ന 436 കോളനികൾ തെരഞ്ഞെടുത്ത്

സെൽഫ് സഫിഷ്യന്റ് വില്ലേജാക്കി മാറ്റുവാനുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 120 ജനപ്രതിനിധികൾ പറയുന്ന 120 സ്വയംപര്യാപ്ത ഗ്രാമങ്ങൾ സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സെലക്ട് ചെയ്ത ഗ്രാമങ്ങളിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ചിറയിൻകീഴ് നിയോജക മണ്ഡലത്തിൽപെട്ട പുകയിലതോപ്പ് കോളനികൂടി ഉണ്ടായിരുന്നു. ഞാൻ നേരിട്ട് 100 എം.എൽ.എ.-മാർക്ക് വ്യക്തമായി കത്ത് എഴുതിയതാണ്. ഒരു കോടി രൂപയുടെ പദ്ധതിയാണ് പറഞ്ഞിരുന്നത്. എസ്റ്റിമേറ്റ് എടുത്തപ്പോൾ ഏതാണ്ട് നാലു കോടി ഇരുപത്തിരണ്ട് ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചത്. അതുകൊണ്ട് ഈ എസ്റ്റിമേറ്റ് ചുരുക്കി ഒരു കോടിയിൽ ക്ലിപ്തപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് തിരിച്ചയച്ചിട്ടുണ്ട് എസ്റ്റിമേറ്റ് എടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മാർച്ച് ആദ്യവാരത്തോടുകൂടി ആരംഭിക്കുന്നതാണ്. അതിനാവശ്യമായ പണ വുമുണ്ട്.

## <u>ഫെസ്റ്റിവലുകൾക്കുള്ള സാമ്പത്തിക സഹായം</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സർ, ടൂറിസം ഫെസ്റ്റിവലിനെ സംബന്ധിച്ച സബ്മിഷൻ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നമ്മുടെ സംസ്ഥാനത്തിന്റെ പൈതൃകങ്ങളും സാംസ്കാരികത്തനിമയും ഒളിമങ്ങാതെ കാത്തുസൂക്ഷിക്കുന്നതിന് വളരെ വലിയ സംഭാവനകൾ നൽകുന്ന വിവിധ ഫെസ്റ്റിവലുകൾക്ക് ടൂറിസം വകുപ്പ് സാമ്പത്തിക സഹായം അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം നേടുന്നതിനാ യുള്ള സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, ഇതിനെ സംബന്ധിച്ചുള്ള മറുപടിയും ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിന്റെ പൈതൃകവും, സംസ്കൃതിയും സംസ്കാരവും സംരക്ഷിക്കുന്നതിലും ആ മഹത്തായ പാരമ്പര്യത്തെ ലോകജനതയ്ക്കു മുമ്പിൽ വിളംബരം ചെയ്യുന്നതിലും സംസ്ഥാനമെമ്പാടും സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ ഫെസ്റ്റിവലുകൾ നിർണ്ണായക പങ്കു വഹിക്കുന്നു. വിദേശത്തു നിന്നുള്ള വിനോദ സഞ്ചാരികൾക്കുപുറമെ തദ്ദേശീയരായ വിനോദ സഞ്ചാരികളെയും സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിൽ ഇത്തരം ഫെസ്റ്റിവലുകൾ വലിയ പങ്കു വഹിക്കുന്നുണ്ട്.

ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നടപ്പു സാമ്പത്തികവർഷം പ്രൊമോഷൻ ഓഫ് ലോക്കൽ കൾച്ചറൽ പ്രോഗ്രാംസ്, ബോട്ട് റെയ്സസ്, ഫെയർ ആന്റ് ഫെസ്റ്റിവൽസ് എന്ന ശീർഷകത്തിൽ 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക കേരളത്തിലെ വിവിധ പാരമ്പര്യ കലാരൂപങ്ങളുടെ വളർച്ചയും പ്രോൽസാഹനവും ലക്ഷ്യമിട്ടുള്ള കർമ്മ പരിപാടികൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. ഇതിനുപുറമേ ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്ന "ഉത്സവം" എന്ന പരിപാടിയിലൂടെ ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള എല്ലാ ശനി, ഞായർ ദിവസങ്ങളിലുമായി എഴുപതോളം വേദികളിൽ ആയിരത്തിലേറെ കലാകാരന്മാർ പങ്കെടുക്കുന്ന മുന്നൂറ്റി അൻപതോളം കലാപ്രദർശനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ,

ഓണാഘോഷ പരിപാടികളുടെ ഭാഗമായി എല്ലാ ജില്ലകളിലും കേരളത്തനിമ യുള്ള പാരമ്പര്യകലകളെ ആസ്വദിക്കാനും അടുത്തറിയാനുമുള്ള അവസരവും ഒരുക്കിവരുന്നുണ്ട്.

വിനോദ സഞ്ചാരികളെ ആകർഷിക്കുന്നവിധത്തിൽ സംഘടിപ്പിച്ചു വരുന്ന ഫെസ്റ്റിവലുകളുടെ സുഗമമായ നടത്തിപ്പിനായി ടൂറിസം വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം അനുവദിച്ചുവരുന്നുണ്ട്. വിനോദ സഞ്ചാരി കളെ ആകർഷിക്കുന്നതിൽ ഇത്തരം ഫെസ്റ്റിവലുകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് അവയുടെ വിപുലവും സുഗമവുമായ നടത്തിപ്പിനായി ടൂറിസം വകുപ്പിൽ നിന്ന് നൽകിവരുന്ന ധനസഹായം യഥാസമയം അനുവദിച്ചുനൽകുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകു ന്നതാണ്. പ്രസ്തുത ഫെസ്റ്റിവലുകൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധി പ്പിച്ചു നൽകുന്ന കാര്യവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കു ന്നതാണ്. 2014 മുതൽ സംസ്ഥാനത്തെ ടൂറിസം ഫെസ്റ്റിവലുകൾക്ക് പ്രത്യേക കലണ്ടർ പ്രസിദ്ധീകരിക്കും.

## ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ

ശ്രീ. വർക്കല കഹാർ: സർ, ചിലക്കൂർ മിനി ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ സഭയുടെ ശ്രദ്ധ യിൽപ്പെടുത്തുന്നത് എന്റെ പ്രദേശത്തെ ജനങ്ങളുടെ ചിരകാലാഭിലാഷ മാണിത്. ഫിഷിംഗ് ഹാർബറിന് അനുയോജ്യമായ എല്ലാ സാഹചര്യങ്ങളും ഉൾപ്പെടുന്ന പ്രദേശമാണ് ചിലക്കൂർ. എല്ലാ ഗവേഷണ നടപടികളും പൂർത്തി യായിട്ടുള്ളതാണ്. മുൻമന്ത്രിമാരായിരുന്ന ശ്രീ. കെ.വി.തോമസ്, ശ്രീ. ഡൊമി

നിക് പ്രസന്റേഷൻ, ശ്രീ. എസ്. ശർമ്മ തുടങ്ങിയവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവരെല്ലാവരും ഈ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുന്നതായി സഭയെ അറിയിച്ചിട്ടുള്ളതുമാണ്. നിരന്തരമായി ഈ ആവശ്യം ഉന്നയിച്ചിട്ടും ഒച്ച് ഇഴയുന്ന രീതിയിലായിരുന്നു ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങിയിരുന്നത് എന്ന സങ്കടകരമായ കാര്യം സഭയുടെ മുന്നിൽ ഉന്നയിക്കുന്നു. അതുകൊണ്ട് ചിലക്കൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കാൻ സത്വര നടപടികൾ ബഹുമാന്യനായ മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ബാബു): സർ, ചിലക്കൂർ മിനി ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചുകഴിഞ്ഞു. കടലിലെ മണ്ണ് പരിശോധനയ്ക്കായി ബോറിംഗ് നടത്തി അതിന്റെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വാട്ടർ & ബേസ് സാമ്പിൾ കളക്ഷൻസ്, കറണ്ട് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവ്വെ, വിൻഡ് & ടൈഡ് ഡാറ്റ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. മോറൽ സ്റ്റഡീസ് റിപ്പോർട്ട് കിട്ടുന്നതിനായി ഒരുപ്രാവശ്യം ഉദ്യോഗസ്ഥരെ പൂനെയിലേയ്ക്ക് അയച്ചിരുന്നു. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കേന്ദ്ര സഹായ പദ്ധതിയ്ക്കായി സമർപ്പിക്കാവുന്നതാണ്. പ്രവൃത്തികളുടെ മാതൃകാപഠനം നടത്തുന്നതിന് സി.ഡബ്ല്യൂ.പി.ആർ.എസ്, പൂനെ എന്ന കേന്ദ്ര സർക്കാർ സ്ഥാപനം മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി, ഫിസിക്കൽ വേവ് മോഡൽ സ്റ്റഡി എന്നിവ നടത്തേണ്ടതുണ്ട്. ഈ വർഷം അർത്തുങ്കൽ, മഞ്ചേശ്വരം, താനൂർ, വെള്ളയിൽ എന്നീ ഹാർബറുകൾക്കും മുഴയ്ക്കൽക്കടവ് ഫിഷിംഗ് ഹാർബറിനും കേന്ദ്ര ഗവൺമെന്റിൽനിന്നും ഭരണാനുമതി ലഭിച്ചു. 15 ദിവസ

ത്തിനുള്ളിൽ പൂനെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിലിമിനറി റിപ്പോർട്ട് ലഭിക്കും. ഒന്നര മാസത്തിനുള്ളിൽ ഫൈനൽ റിപ്പോർട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ചർച്ചയ്ക്കായി ഉദ്യോഗസ്ഥന്മാരെ വീണ്ടും പുനെയിലേയ്ക്ക് ഉടൻ അയയ്ക്കുന്നതാണ്. ഈ റിപ്പോർട്ട് കിട്ടിയാൽ കേന്ദ്ര അംഗീകാരത്തിനായി സമർപ്പിച്ച് അടുത്ത സാമ്പത്തികവർഷം നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഫിഷറീസ് ഡിസ്പെൻസറി

ശ്രീ. കെ. ദാസൻ: സർ, തീരദേശ മണ്ഡലമായ കൊയിലാണ്ടിയിൽ മത്സ്യത്തൊഴിലാളികളുടെയും തീരപ്രദേശത്ത് താമസിക്കുന്ന ജനവിഭാഗങ്ങളുടെയും ആവശ്യത്തെതുടർന്ന് 1952-ൽ ജി.ഒ.(ആർ) 1063/02 ഡേറ്റഡ് 16-12-1952 പ്രകാരം മൂന്ന് പഞ്ചായത്തുകളിൽ ഫിഷറീസ് ഡിസ്പെൻസറി അനുവദിക്കുന്നത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. കണ്ണങ്കടവ്, ഏഴുകുടീക്കൽ ബീച്ച്, അയനിക്കാട് എന്നീ സ്ഥലങ്ങളിലാണ് അനുവദിച്ചത്. ഇതിനെത്തുടർന്ന് പയ്യോളി പഞ്ചായത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും ചെയ്തിരുന്നു. ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ ഡിസ്പെൻസറിക്കുവേണ്ട സ്ഥലം ലഭ്യമായിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ തൊഴിലിന്റെ കാഠിന്യവും സ്വഭാവവും കണക്കിലെടുത്ത് അനുവദിച്ച ഡിസ്പെൻസറി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, നിലവിലുള്ള കൊയിലാണ്ടി പബ്ലിക് ഹെൽത്ത് സെന്ററിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കാൻ 13-08-2012-ൽ ഭരണാനുമതി

നൽകി. തീരദേശ വികസന കോർപ്പറേഷൻ ഇതിനായി 20.52 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇത് ഉടൻ ടെണ്ടർ ചെയ്യുന്നതാണ്. ഫിഷറീസ് ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം മാത്രമാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. പോസ്റ്റ് ക്രിയേഷൻ ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങളും തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതും ആരോഗ്യ വകുപ്പാണ്. അപ്പോൾ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഈ കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് 39 ഫിഷറീസ് ഡിസ്പെൻസറികളും 4 മൊബൈൽ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കോട്ടയ്ക്കൽ, മാടമ്പള്ളി, വടകര, ഏഴുകുടീക്കൽ, പുതിയാപ്പ, അയനിക്കാട് എന്നീ സ്ഥലങ്ങളിൽ ഫിഷറീസ് ഡിസ്പെൻസറികൾ നിലവിലുണ്ട്. ഡിസ്പെൻസറിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുകയാണ് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്. ഇക്കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

## ഡിപ്ലോമയും ബി.എഡ്ഡും തുല്യമാക്കിക്കൊണ്ടുള്ള ഉത്തരവ്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പൊതു വിദ്യാഭ്യാസ വകുപ്പ് ഫെബ്രുവരി 11-ാം തീയതി ഇറക്കിയ ഉത്തരവുപ്രകാരം എൽ.ടി.ടി.സി, ഡി.എൽ.ഇ.ഡി കോഴ്സുകൾ, ഇത് രണ്ടും പരീക്ഷാ കമ്മീഷണർ നടത്തുന്ന ഭാഷാ അധ്യാപകർക്കുള്ള കോഴ്സുകളാണ്. അത് ബി.എഡ്-ന് തുല്യമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവാണ് ഇറക്കിയിരിക്കുന്നത്. എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടാണ് ഇത്തരമൊരു ഉത്തരവിറക്കിയിരിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ കുറെ നാളുകളായി ഈ മേഖലയിൽ തുടർന്നു

വരുന്ന മാനദണ്ഡ ലംഘനങ്ങളുടെ അവസാനത്തെ ഉത്തരവാണ് ഇപ്പോൾ ഇറക്കിയിരിക്കുന്നത്. ബി.എഡ് കോഴ്സ് മറ്റേതെങ്കിലും കോഴ്സിന് തുല്യ മാണോ എന്ന് തീരുമാനിക്കേണ്ടത് സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസും അക്കാദമിക് കൗൺസിലുമാണ്. അവർ ഇത്തരമൊരു കാര്യത്തെ ക്കുറിച്ച് ചർച്ച ചെയ്തിട്ടുപോലുമില്ല. എസ്.സി.ഇ.ആർ.ടി-യുടെ സ്കൂൾ കരിക്കുലം കമ്മിറ്റി ഈ രണ്ട് കോഴ്സും ബി.എഡ്-നു തുല്യമാണെന്ന് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവിറക്കിയിരിക്കു ന്നത്. ഡിഗ്രി, ബി.എഡ്, എം.എഡ്, എം.എ, പി.എച്ച്.ഡി, എം.ഫിൽ, ഇവയെല്ലാമുള്ള ആളുകൾ നമ്മുടെ സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുക യാണ്. എൽ.ടി.ടി.സി, ഡി.എൽ.ഇ.ഡി കോഴ്സുകൾക്കുള്ള ബേസിക് യോഗ്യത 10-ാം ക്ലാസ്സാണ്. ഇവരിൽ പലരും ഇപ്പോൾ പഠിപ്പിക്കുന്നവരേ ക്കാൾ സീനിയോറിറ്റി കൂടിയവരായിരിക്കും. അവരെ ഹെഡ്മാസ്റ്റർമാരും ഹെഡ്മിസ്ട്രസ്സുമാരുമാക്കാനുള്ള വളഞ്ഞ വഴിയാണ് വിദ്യാഭ്യാസ വകുപ്പ് ഈ ഉത്തരവിലൂടെ ഇറക്കിയിരിക്കുന്നത്. ഇത് ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിഞ്ഞിട്ടുണ്ടോ? ഇത് അറിയേണ്ടവർ ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ; മന്ത്രിസഭ ചർച്ച ചെയ്തിട്ടുണ്ടോ; ഈ നിയമസഭയുടെ മുമ്പിൽ ഇതിനെ ക്കുറിച്ച് പറയേണ്ടതല്ലേ; സർവ്വകലാശാലയോട് ആലോചിച്ചിട്ടുണ്ടോ; തോന്നിയതുപോലെ ഉത്തരവിറക്കുകയാണ്. ആ ഉത്തരവ് പിൻവലിച്ചില്ലെ ങ്കിൽ അത് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന ഏറ്റവും കു പ്രസിദ്ധമായ ഒരു ഉത്തരവാകുമെന്നുള്ളതുകൊണ്ട് ഈ ഉത്തരവ് ഗവൺമെന്റ് എത്രയുംവേഗം പിൻവലിക്കണം. വിദ്യാഭ്യാസ മേഖലയിൽ കാണിക്കുന്ന ഇത്തരം പ്രവണതകൾക്ക് അറുതിവരുത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ കാര്യം മുഴുവൻ മനസ്സിലാക്കാതെയാണ് ഈ സബ്മിഷൻ കൊണ്ടുവന്നിട്ടുള്ളത്. ഞാൻ മറുപടി പറഞ്ഞുകഴിയുമ്പോൾ എന്താണെന്ന് മനസ്സിലാകും. പരീക്ഷാ കമ്മീഷണർ നടത്തുന്ന എൽ.ടി.ടി.സി/ ഡി.എൽ. ഇ.ഡി. കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി. എഡ് കോഴ്സിന് തുല്യമാക്കി 11-02-2013 -ലെ ജി.ഒ. (എം.എസ്.) നം. 49/2013 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2005 വരെ എൽ.ടി.ടി.സി അഥവാ ലാംഗ്വേജ് ടീച്ചർ ട്രെയിനിംഗ് കോഴ്സ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന കോഴ്സ് 2005-ന് ശേഷമാണ് ഡി.എൽ.ഇഡി. അഥവാ ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യുക്കേഷൻ എന്ന് പുനർ നാമകരണം ചെയ്തത്. ബി.എഡ്-ന് അഡ്മിഷൻ നൽകുന്നതുപോലെതന്നെ എസ്.എസ്. എൽ.സി-ക്കുശേഷം (10+2+3) മാനദണ്ഡം പാലിച്ചുകൊണ്ടുതന്നെയാണ് എൽ.ടി.ടി.സി, ഡി.എൽ.ഇ.ഡി. കോഴ്സിന് അഡമിഷൻ ലഭിക്കുന്നത്. ഹിന്ദി (എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി.)-ക്ക് അഡ്മിഷൻ നൽകുന്നത് കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം ബി.എ-യ്ക്ക് തുല്യമായി അംഗീകരിച്ച പ്രവീൺ ഡിഗ്രിക്ക് ശേഷം എൻട്രൻസിന്റെ അടിസ്ഥാനത്തിലും അറബി, ഉറുദു (എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി.)-ക്ക് അഡ്മിഷൻ നൽകുന്നത് എസ്.എസ്. എൽ.സി-ക്ക് ശേഷം പ്ലസ് ടൂ/പി.ഡി.സി.-ക്ക് തുല്യമായ രണ്ട് വർഷ പ്രിലിമിനറിയും ശേഷം മൂന്നുവർഷ ഡിഗ്രി കോഴ്സായ ബി.എ. അഫ്സൽ ഉലമ/അദീബേ ഫാസിൽ ഉറുദു ഡിഗ്രി കോഴ്സും കഴിഞ്ഞ് മെറിറ്റിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷാ കമ്മീഷണർ അഡ്മിഷൻ നൽകുന്നത്. ഡിപ്ലോമ ഇൻ ഹിന്ദി ടീച്ചിംഗ്, കാലിക്കട്ട് യൂണിവേഴ്സിറ്റി നടത്തുന്ന

ബി.എഡ് ഹിന്ദി കോഴ്സിന് തുല്യമായി പരിഗണിക്കുന്നത് സംബന്ധിച്ച് 29–11–2011– ൽ ചേർന്ന 34–ാമത് സംസ്ഥാനതല സ്കൂൾ കരിക്കുലം കമ്മിറ്റി പരിശോധിക്കുകയും സബ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. സമാന വിഷയങ്ങളായ അറബിക്, ഉറുദു എന്നിവയുടെ കാര്യവും പരിശോധിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സബ് കമ്മിറ്റി ഈ വിഷയം സമഗ്രമായി പരിശോധിച്ചു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉള്ളടക്കം, വിലയിരുത്തൽ രീതി, പ്രാക്ടിക്കൽ മുതലായവ പരിശോധിക്കുകയും ഡിപ്ലോമ ഇൻ ഹിന്ദി ടീച്ചിംഗ്, എൽ.ടി.ടി.സി./ഡി.എൽ.ഇ.ഡി കോഴ്സുകൾ ബി.എഡ്–നു തുല്യമായി അംഗീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യു കയും ചെയ്തു. 23–12–2011, 24–12–2011 എന്നീ തീയതികളിൽ ചേർന്ന കരിക്കുലം സബ് കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും എൽ.ടി.ടി.സി./ഡി. എൽ.ഇ.ഡി. കോഴ്സ് ബി.എഡ് കോഴ്സുകൾക്ക് തുല്യമായി അംഗീകരിക്കാ മെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി കോഴ്സുകൾ കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ് കരിക്കുലവുമായി തുല്യമായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ കേരള ത്തിലെ എല്ലാ യൂണിവേഴ്സിറ്റികളും നടത്തുന്ന ബി.എഡ് ( ഹിന്ദി, അറബിക്, ഉറുദു) കോഴ്സ് കേരള പരീക്ഷാ കമ്മീഷണർ നടത്തുന്ന എൽ.ടി.ടി.സി/ഡി. എൽ.ഇ.ഡി കോഴ്സുകൾക്ക് തുല്യമാണെന്ന എസ്.സി.ഇ.ആർ..ടി–യുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് എൽ.ടി.ടി.സി/ഡി.എൽ.ഇ.ഡി കോഴ്സ് ബി.എഡ്–നു തുല്യമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേന വിവിധ കോഴ്സുകൾ ബി.എഡ്–ന് തുല്യമാക്കി അംഗീകരിച്ചിട്ടുണ്ട്. ഉദാഹരണം:

(i) രാഷ്ട്രീയ സാൻസ്കൃത് സനാതൻ നടത്തുന്ന ശിക്ഷാ ശാസ്ത്രി സംസ്കൃതം ബി.എഡ്–ന് തുല്യമാക്കി ജി.ഒ. (എം.എസ്) നം. 204/73/പൊ.വി.വ. തീയതി 17–12–1973)

(ii) ദക്ഷിണ ഹിന്ദി പ്രചാരസഭ മദ്രാസ് നടത്തുന്ന ബി.എഡ് കോഴ്സ്, കേരളത്തിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.എഡ് കോഴ്സിന് തുല്യമാക്കി 23–03–1988–ലെ ജി.ഒ.(എം.എസ്) നം. 71/88/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

(iii) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സും ദക്ഷിൺ ഭാരത് ഹിന്ദി പ്രചാരസഭ നടത്തുന്ന 'ശിക്ഷാ സ്നാദക്' കോഴ്സും കേരള ഹിന്ദി ബി.എഡ്–ന് തുല്യമാക്കി 03–10–1988–ലെ ജി.ഒ.(എം.എസ്) നം. 150/88/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

(iv) എൽ.ടി.ടി.സി–ക്ക് തുല്യമായ മലയാളം വിദ്വാൻ കോഴ്സ് ബി.എഡ്–ന് തുല്യമായി 29–03–2001–ലെ ജി.ഒ (ആർ.ടി) നം. 1319/2001/പൊ.വി.വ. ഉത്തരവ് പ്രകാരം അംഗീകരിച്ചു.

ചുരുക്കത്തിൽ, പ്രതിപാദ്യ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് തികച്ചും നിയമപരവും മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള സമാന ഉത്തരവുകളുടെ തുടർച്ചയുമാണെന്നറിയിക്കുകയാണ്.

## ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ്സ്

ശ്രീ. പി. ഉബൈദുള്ള: സർ, ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി ഓഫ് ക്യാമ്പസ് എത്രയും വേഗം പ്രവർത്തനമാരംഭിക്കേണ്ട ആവശ്യകതയിലേയ്ക്കാണ് ഞാൻ സഭയുടെ മുമ്പാകെ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സാധ്യമാകുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ കുതിച്ചുച്ചാട്ടം ഉണ്ടാകാൻ പോകുകയാണ്. 14 ഭാഷകളിലുള്ള പഠനമാണ് ഇപ്പോൾ നടക്കുന്നത്. ഇംഗ്ലീഷ്, അറബിക്, ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ്, റഷ്യൻ, സ്പാനിഷ്, പോർച്ചുഗീസ്, പേർഷ്യൻ, ടർക്കിഷ്, ഇറ്റാലിയൻ, ചൈനീസ്, കൊറിയൻ, ഹിന്ദി എന്നീ വ്യത്യസ്ഥ ഭാഷകളിലുള്ള വിദഗ്ദ്ധ കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്. ഇത്രയും ഭാഷാ വൈവിദ്യങ്ങളുള്ള യൂണിവേഴ്സിറ്റിയുടെ വരവ് നമ്മുടെ സംസ്ഥാനത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിനും സാമൂഹ്യപുരോഗതിക്കും ആക്കം കൂട്ടും. വ്യത്യസ്ഥ ഭാഷകളുടെ സംഗമകേന്ദ്രമാകുന്ന, ഇഫ്ളുവിൽ പഠനം നടത്തുന്നവർ, ലോകത്തിന്റെ ഏത് കോണിലുള്ള ജനങ്ങളുമായും ആശയവിനിമയം നടത്താൻ പ്രാപ്തരാകും. ഇത്രയുമധികം വിദേശഭാഷകളിലുള്ള വിവിധ കോഴ്സുകൾ പൂർത്തീകരിച്ച് പുറത്തുവരുന്നതിന് മുമ്പ് ലോകമെമ്പാടും ധാരാളം തൊഴിലവസരങ്ങൾ തുറക്കപ്പെടും. ഇങ്ങനെയെല്ലാം കൊണ്ടും നമ്മുടെ നാടിന്റെ അഭിവൃദ്ധിക്ക് വഴിതെളിയിക്കുന്ന ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സ്ഥാപിക്കുന്നതിനു വേണ്ടി മലപ്പുറത്ത് കെ.എസ്.ഐ.ഡി.സി. –യുടെ കൈവശമുള്ള ഭൂമിയിൽ

നിന്ന് 75 ഏക്കർ സ്ഥലവും 25 ഏക്കർ പൊതുആവശ്യത്തിനും ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകാൻ തീരുമാനിച്ചിട്ട് മാസങ്ങളേറെ ആയെങ്കിലും ഇതുവരെയും ഭൂമി കൈമാറ്റം നടന്നിട്ടില്ല. യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദ്ദിഷ്ട ഭൂമി കൈമാറുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും എത്രയും വേഗം പൂർത്തീകരിച്ച്, അടുത്ത അദ്ധ്യായന വർഷത്തിൽ തന്നെ പഠനം ആരംഭിക്കുന്നതിനുള്ള സംവിധാനമൊരുക്കണമെന്ന് ഞാൻ അവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, ഹൈദരാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഒരു ഓഫ് കാമ്പസ് കേരളത്തിൽ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 22–03–2012–ലെ ജി.ഒ.(എം.എസ്.) നമ്പർ 95/12 ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിൽ ഒരു കാമ്പസ് സ്ഥാപിക്കുവാൻ കെ.എസ്.ഐ.ഡി.സി. ഇങ്കൽ സംയുക്ത സംരംഭമായ 'ഇംങ്കിഡ്'–ന്റെ പക്കൽ നിന്ന് 75 ഏക്കർ ഭൂമിയും പൊതു ആവശ്യത്തിനായി മറ്റൊരു 25 ഏക്കർ ഭൂമിയും പങ്കിടാനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സർവ്വകലാശാലയിൽ ഇംഗ്ലീഷ് ഭാഷയ്ക്കും സാഹിത്യത്തിനും പുറമേ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ധാരാളം വിദേശ ഭാഷകളും അതോടൊപ്പം തന്നെ അമേരിക്കൻ ആന്റ് കരീബിയൻ ലിറ്ററേച്ചർ, മീഡിയ ആന്റ് കമ്മ്യൂണിക്കേഷൻ, ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, ഫിലിം സ്റ്റഡീസ് ആന്റ് വിഷ്വൽ കമ്മ്യൂണിക്കേഷൻ, ഹിന്ദി ആന്റ് ഇന്ത്യൻ സ്റ്റഡീസ്, അറബിക്, പേർഷ്യൻ, ചൈനീസ്, ജർമ്മൻ, ഫ്രഞ്ച്, റഷ്യൻ

ഇറ്റാലിയൻ സ്റ്റഡീസ് തുടങ്ങി മറ്റനേകം പഠന വിഷയങ്ങളുണ്ട്. 11–12–2012 –ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഇഫ്ളുവിന് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തു. 18–02–2013–ൽ (അതായത് ഇന്നലെ) കൂടിയ മന്ത്രിസഭാ യോഗം ഇഫ്ളുവിന്റെ ഓഫ് കാമ്പസ് മലപ്പുറത്ത് സ്ഥാപിക്കുന്നതിന് 75 ഏക്കർ ഭൂമി കൈമാറുന്നതിനുള്ള തീരുമാനം അംഗീകരിച്ചിരിക്കുകയാണെന്നുള്ള വിവരം അറിയിക്കുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫുൾടൈം ഡയറക്ടർമാർ

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ സ്കൂളുകളിലെ അക്കാദമിക് നിലവാരമുയർത്താൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ ആർ.എം.എസ്.എ./എസ്.എസ്.എ. എന്നിവയുടെ ഫണ്ടുകൾ സ്കൂളുകളുടെ ആകെയുള്ള പുരോഗതിക്ക് ഉപയോഗിക്കുന്നില്ലായെന്ന പരാതി നിലനിൽക്കുകയാണ്. ഈ പദ്ധതിക്ക് ആവശ്യമായ ഫണ്ടുകൾ സാമ്പത്തിക വർഷത്തിന്റെ അവസാന മാർച്ച് മാസത്തിലാണ് സ്കൂളുകൾക്ക് ലഭിക്കുന്നത്. യഥാസമയം തുക ലഭ്യമാകാത്തതുമൂലം വ്യക്തമായ ആസൂത്രണത്തോടെ തുക ചെലവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ലഭിക്കുന്ന തുകയുടെ 20 ശതമാനം മാത്രമാണ് ചെലവാക്കാൻ സാധിക്കുന്നതെന്ന് മനസ്സിലാക്കുന്നു. ബാക്കി തുക ലാപ്സായി പോകുന്നു. ഈ രണ്ട് പദ്ധതികൾക്കും ഫുൾടൈം ഡയറക്ടർമാരില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്. ആയതിനാൽ, ഡയറക്ടർമാരെ നിയമിച്ച് പദ്ധതി സുഗമമായി നടപ്പിലാക്കാൻ

സ്കൂളിലെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി നടപടി സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. അതോടൊപ്പം തന്നെ ഇപ്പോൾ അഡീഷണൽ ചാർജ് നൽകിയിട്ടുള്ള ശ്രീ. രാജമാണിക്യത്തെ ഫുൾടൈം ആയി നിയോഗിച്ചിട്ടില്ല. അത് ഇതിന്റെ വലിയൊരു പോരായ്മയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): സർ, കേരളത്തിലെ സ്കൂളുകളിലെ അക്കാദമിക് നിലവാരം ഉയർത്തുവാൻ ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ള ആർ.എം.എസ്.എ./എസ്.എസ്.എ. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഗ്രാന്റുകൾ ഉപയോഗിച്ചാണ് നടന്നു വരുന്നത്. ആർ.എം.എസ്.എ.യ്ക്ക് ഈ വർഷം 60 കോടി രൂപ അനുവദിച്ച് കൊണ്ട് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക കിട്ടുന്ന മുറയ്ക്ക് വിനിയോഗിക്കുന്നതാണ്. 9-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികളെ സ്കൂളിലേയ്ക്ക് എത്തിക്കുക, അവർക്ക് ഗുണകരമായ വിദ്യാഭ്യാസം ഉറപ്പാക്കുക, പഠനത്തിൽ വിവേചനം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക, ഹൈസ്കൂൾ ഇല്ലാത്ത സ്ഥലത്ത് യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ ഹൈസ്കൂളുകൾ അനുവദിക്കുകയോ ചെയ്യുക, വിദ്യാഭ്യാസ നിലവാരം ഉയർത്താനാവശ്യമായ വിവിധങ്ങളായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് ആർ.എം.എസ്.എ.-യുടെ പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ. എസ്.എസ്.എ.-യ്ക്ക് ലഭിക്കുന്ന ഫണ്ട് പ്രധാനമായും താഴെപ്പറയുന്ന ഇടപെടലുകൾക്കായി ഉപയോഗിച്ചുവരുന്നു.

1. പുതിയ അദ്ധ്യാപകർക്കുള്ള ശമ്പളം (ഹെഡ് ടീച്ചർ, പാർക്ക് ടൈം ഇൻസ്ട്രക്ടർമാർ)
2. ബ്ലോക്ക് റിസോഴ്സ് സെന്റർ
3. ക്ലസ്റ്റർ റിസോഴ്സ് സെന്റർ
4. നിർമ്മാണ പ്രവർത്തനങ്ങൾ
5. സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളുടെ വിദ്യാഭ്യാസം
6. സൗജന്യ പാഠപുസ്തക വിതരണം
7. സൗജന്യ യൂണിഫോം വിതരണം
8. നൂതന വിദ്യാഭ്യാസം
9. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം
10. മെയിന്റനൻസ് ആന്റ് റിപ്പയർ ഗ്രാന്റ്
11. മാനേജ്മെന്റ് ആന്റ് എം.ഐ.എസ്.
12. ഗവേഷണവും മൂല്യനിർണ്ണയവും, സൂപ്പർവിഷനും മോണിറ്ററിംഗും
13. സ്കൂൾ ഗ്രാന്റ്
14. ടീച്ചർ ഗ്രാന്റ്
15. അദ്ധ്യാപക പരിശീലനം
16. കമ്മ്യൂണിറ്റി ട്രെയിനിംഗ്
17. ടീച്ചിംഗ് ലേണിംഗ് എക്യുപ്മെന്റ്
18. സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് – മാനേജ്മെന്റ് കോസ്റ്റ്

എസ്.എസ്.എ.-യ്ക്ക് 2012-13 വർഷം 523.01 കോടി രൂപയാണ് അംഗീകരിച്ച പദ്ധതിയടങ്കൽ. ഇതിൽ നാളിതുവരെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ

അനുവദിച്ച ആകെ 344.52 കോടി രൂപയിൽ 31–01–2013 വരെ 262.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആർ.എം.എസ്.എ.യ്ക്ക് ഇപ്പോൾ ഫുൾ ടൈം ഡയറക്ടർ ഉണ്ട്. എസ്.എസ്.എ.യെ സംബന്ധിച്ചിടത്തോളം അഡീഷണൽ ഡയറക്ടർക്ക് ഡയറക്ടറുടെ മുഴുവൻ സമയ ചുമതല നൽകിയിട്ടുണ്ട്. അതു കൊണ്ട് ഡയറക്ടർമാരില്ലാത്ത അവസ്ഥ സംജാതമായിട്ടില്ല.

## നിർമ്മാണ രംഗത്തെ വ്യാജസ്ഥാപനങ്ങൾ

ശ്രീ. പി.ബി. അബ്ദുൾ റസാക്: സർ, സംസ്ഥാനത്ത് ഫ്ളാറ്റും മറ്റ് കൊമേഴ്സ്യൽ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു നൽകുന്ന കമ്പനികൾ, വ്യക്തികൾ എന്നിവയിൽ ചിലതെങ്കിലും ഉപഭോക്താക്കളെ വഞ്ചിക്കുന്നുണ്ട്. മോഹന വാഗ്ദാനങ്ങൾ നൽകി വ്യാപകമായി പരസ്യം ചെയ്ത് ഫ്ളാറ്റു കൾക്ക് വേണ്ടി ഉപഭോക്താക്കളിൽനിന്ന് അഡ്വാൻസ് തുക സമാഹരിച്ച് നീങ്ങുന്ന ഒരു വിഭാഗം കമ്പനികൾ, ക്വാളിറ്റി കുറഞ്ഞ നിർമ്മാണ സാമഗ്രി കൾ ഉപയോഗിച്ചും സ്പെസിഫിക്കേഷൻ അനുസരിച്ച് നിർമ്മാണം നടത്താ തെയും വേണ്ടത്ര മുൻപരിചയമില്ലാതെയും നടത്തുന്ന നിർമ്മിതിയിലൂടെ ഉപ ഭോക്താക്കളെ വഞ്ചിക്കുന്ന മറ്റൊരു വിവാദവും തുടക്കത്തിൽ നിശ്ചയിക്കുന്ന നിർമ്മാണം പൂർത്തിയാകുമ്പോൾ വീണ്ടും വില വർദ്ധിപ്പിക്കുന്ന മറ്റൊരു തരം തട്ടിപ്പുകളും ഇതിനൊക്കെ വിധേയരാകുന്നതിൽ ഭൂരിഭാഗവും ഗൽഫ് മലയാളികളാണ്. അന്യ നാടുകളിൽ പോയി ചോര നീരാക്കി പണിയെടുത്ത് നാട്ടിലേയ്ക്ക് വിദേശനാണ്യം എത്തിച്ചുതന്ന് നാടിന്റെ സാമ്പത്തിക പുരോഗതിക്ക് വഴിയൊരുക്കുന്ന ഗൾഫ് മലയാളികളെ ഉൾപ്പെടെ ചതിക്കുഴി യിലാക്കുന്ന ഇത്തരം നിയമലംഘകരെ നിയന്ത്രിക്കുന്ന കാര്യത്തിൽ അടിയ

ന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഫ്ളാറ്റ്, വില്ല വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ച് നൽകാമെന്ന് പരസ്യം നൽകി അഡ്വാൻസ് തുകയും വാങ്ങി എഗ്രിമെന്റ് വച്ച ശേഷം ആവശ്യക്കാർ പല രീതിയിൽ പറ്റിക്കപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുക, നിലവാരം കുറഞ്ഞ സാധനസാമഗ്രികൾ ഉപയോഗിക്കുക, നിശ്ചിത സമയത്തിനകം നിർമ്മാണം പൂർത്തീകരിച്ച് ഉടമയ്ക്ക് കൈമാറാതിരിക്കുക, അംഗീകൃത പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തുക, യഥാസമയം പൂർത്തിയാക്കാതെയിരിക്കുക, ബിൽഡറുടെ ഉടമസ്ഥതയിൽ ഇല്ലാത്ത ഭൂമിയിൽ നിർമ്മാണം നടത്തുക, മതിയായ പാർക്കിംഗ് സൗകര്യമേർപ്പെടുത്താതിരിക്കുക, നിർമ്മാണം പൂർത്തിയാക്കിയ ശേഷം പാർക്കിംഗ് ഏരിയ വാണിജ്യ ആവശ്യങ്ങൾക്കായി മാറ്റുക, തുറസ്സായി ഇടേണ്ട സ്ഥലം പാർക്കിംഗിനോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുക തുടങ്ങിയ പരാതികളാണ് പ്രധാനമായും ഉയർന്നുവന്നിട്ടുള ളത്. കെട്ടിട നിർമ്മാതാക്കളുടെ ഇത്തരത്തിലുള്ള ചൂഷണം തടയുന്നതിനും സാധാരണക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുമായി ‘The Real Estate Regulation & Development Bill’ കൊണ്ടുവരുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതേ മാതൃകയിൽ സംസ്ഥാനത്തിന് യോജിച്ച ഒരു നിയമം സർക്കാർ കൊണ്ടുവരുന്നുണ്ട്.

## പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം

ശ്രീ. ബി. സത്യൻ: സർ, ദൈനംദിനം അന്യ ജില്ലകൾ ഉൾപ്പെടെ ഏതാണ്ട് 280-ലേറെ പ്രൈവറ്റ് ബസ്സുകൾ വന്നുപോകുന്ന ആറ്റിങ്ങൽ പട്ടണത്തിൽ അനുയോജ്യമായ ഒരു പ്രൈവറ്റ് ബസ് സ്റ്റാന്റ് ഇപ്പോഴില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏതാണ്ട് 100 വർഷങ്ങൾക്ക് മുമ്പ് രാജകുടുംബം അനുവദിച്ചു നൽകിയ സ്ഥലം പ്രയോജനപ്പെടുത്തി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഒരു പ്രൈവറ്റ് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ മുനിസിപ്പാലിറ്റി സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തനം ആരംഭിച്ചപ്പോഴാണ് രാജകുടുംബത്തിൽപ്പെട്ട ഒരാളാണെന്ന അവകാശവാദവുമായി ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും ഇപ്പോൾ അതിന്റെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയുമാണ്. ഇല്ലാത്ത അവകാശവും അധികാരവും പ്രയോജനപ്പെടുത്തി കൃത്രിമമായ രേഖകളുണ്ടാക്കി ബസ് സ്റ്റാന്റ് പ്രവർത്തിപ്പിക്കാതിരിക്കുന്നതിനുള്ള ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിന് പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് മുനിസിപ്പാലിറ്റിയും അതുപോലെ ജനപ്രതിനിധികളെയും കൂടി ഒരു യോഗം വിളിച്ച് ഈ പ്രൈവറ്റ് ബസ് സ്റ്റാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് വളരെ വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ആറ്റിങ്ങൽ നഗരസഭ ബസ് സ്റ്റാന്റ് നിലവിലുള്ള സ്ഥലത്തു നിന്നും വിശാലമായ മാമം ഗ്രൗണ്ടിലേയ്ക്ക് മാറ്റുന്നതിന് ആറ്റിങ്ങൽ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതും ആയതിനുള്ള

നടപടികൾ സ്വീകരിച്ച് വന്നിട്ടുള്ളതുമാണ്. എന്നാൽ ടി സ്ഥലത്തിന്റെ ഉടമ സ്ഥാവകാശത്തെ സംബന്ധിച്ച് ശ്രീമതി ലളിതാംബിക ഭായി മുതൽപേർ 2006 –ൽ അവകാശവാദമുന്നയിക്കുകയും ടി സ്ഥലത്ത് ബസ് സ്റ്റാന്റിനുവേണ്ടി നട ന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിറുത്തിവയ്ക്കുന്നതിനും സ്ഥിരം നിരോധന ഉത്തരവിനുവേണ്ടി ബഹുമാനപ്പെട്ട ആറ്റിങ്ങൾ മുൻസിഫ് കോടതിയിൽ ഒ.എസ്. 314/06 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതുമാ ണ്. ആയതിൽ പ്രകാരം പുതിയ ബസ് സ്റ്റാന്റ് നിർമ്മിക്കാനുള്ള നഗരസഭ യുടെ പ്രവൃത്തിയെ തടഞ്ഞുകൊണ്ട് നിരോധന ഉത്തരവ് ഉണ്ടായിട്ടുള്ളതുമാ ണ്. നിരോധന ഉത്തരവ് നീക്കി കേസ്സസിൽ തീരുമാനമാകുന്ന മുറയ്ക്ക് ടി സ്ഥലത്ത് പുതിയ ബസ് സ്റ്റാന്റ് നിർമ്മാണപ്രവൃത്തികളാരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് ചർച്ചയിലൂടെ പരിഹരിക്കാൻ കഴിയുമെന്നുണ്ടെങ്കിൽ അതിൽ യാതൊരു സംശയവുമില്ല. സർക്കാർ ആ കാര്യത്തിൽ മുൻകൈയെടുക്കുന്നതാണ്.

## വൈക്കം സത്യാഗ്രഹ സ്മാരകം

ശ്രീ. കെ. അജിത്: സർ, 1923–ൽ കാക്കനാട് കോൺഗ്രസ്സിൽ ടി.കെ മാധവൻ അവതരിപ്പിച്ച പ്രമേയത്തിന്റെ ഭാഗമായിട്ടാണ് വൈക്കം സത്യാഗ്രഹ സമരം തുടങ്ങുകയും 1936–ൽ വിജയകരമായി സമാപിക്കുകയും ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ആ സമരത്തിൽ പങ്കെടുത്ത ദേശീയ നേതാക്കൻമാ രുടെ സ്മരണ പുതുക്കുന്ന സ്മാരകങ്ങൾ വൈക്കത്ത് ഇപ്പോഴുമുണ്ട്. ആ സമരത്തിൽ പങ്കെടുത്ത ഇ.വി. രാമസ്വാമികളുടെ പേരിൽ തമിഴ്നാട് ഗവൺമെന്റ് വൈക്കത്ത് സ്മാരകം പണിതു. ശ്രീനാരായണ ഗുരുവിനും

ടി.കെ മാധവനും എസ്.എൻ.ഡി.പി ക്കാരും മന്നത്ത് പത്മനാഭന് എൻ.എസ്.എസ് കാരും സ്മാരകം പണിതു. പക്ഷേ ആ സമരത്തിൽ മുഖ്യമായി പങ്കെടുത്ത ഗാന്ധിജിക്ക് സ്മാരകം പണിയണമെന്ന് ദീർഘകാലമായി വൈക്കത്തെ ജനങ്ങൾ ആഗ്രഹിക്കുകയാണ്. വൈക്കം മുനിസിപ്പാലിറ്റി പണി കഴിപ്പിച്ച വൈക്കം സത്യാഗ്രഹ മെമ്മോറിയൽ ഹാളിനുമുന്നിൽ ഗവൺമെന്റ് മേൽനോട്ടത്തിൽ ഈ സമരത്തിൽ പങ്കെടുത്ത നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ഓർമ്മയ്ക്കായി ഒരു പ്രതിമ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട സ്മരണ നിലനിർത്തുന്നതിന് വൈക്കം ബോട്ട്ജെട്ടിക്ക് സമീപം സത്യാഗ്രഹ സ്മാരക മന്ദിരം നഗരസഭ പണിതിട്ടുണ്ട്. ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി വൈക്കം സന്ദർശിച്ചിട്ടുള്ളതുമാണ്. സത്യാഗ്രഹ സ്മാരകത്തിനുമുന്നിൽ മഹാത്മാഗാന്ധിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിക്കണമെന്ന് നഗരസഭ സാംസ്കാരിക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈക്കത്തിന്റെ ചരിത്രപരമായ പ്രത്യേകത പരിഗണിച്ച് സത്യാഗ്രഹ സ്മാരകത്തിന് മുൻവശം രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കുന്ന വിഷയം പരിശോധിച്ച് ഉടൻതന്നെ തീരുമാനം കൈക്കൊള്ളുന്നതാണ്.

## തെരുവുനായ്ക്കളുടെ ശല്യം

ശ്രീ. കെ.എം. ഷാജി: സർ, തെരുവിൽ അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും രൂക്ഷമാണ്. തെരുവുനായ്ക്കൾ പെറ്റുപെരുകി അവയുടെ എണ്ണം വർദ്ധിക്കുന്നതിനുപുറമെ വീടുക

ളിൽ വളർത്തുന്ന നായ്ക്കൾക്ക് പ്രായമേറുകയോ രോഗം വന്ന് അവശതയി ലാകുകയോ ചെയ്യുമ്പോൾ അവയെ തെരുവിലുപേക്ഷിക്കുന്ന ശീലവും വളർന്നുവരുന്നു. ഭക്ഷണ ദൗർലഭ്യമോ പ്രദേശത്തെ അംഗസംഖ്യ വർദ്ധ നവോ ഉണ്ടാകുമ്പോൾ ഇവ അക്രമാസക്തരായി വഴിയാത്രക്കാരെയും നഗര വാസികളെയും ആക്രമിക്കുകയും ചെയ്യുന്നു. തെരുവുനായ്ക്കളുടെ ആക്രമ ണത്തിൽ പരിക്ക് പറ്റുന്ന നിരവധിപേർ ദിനംപ്രതി ആശുപത്രികളിലെത്തു ന്നുണ്ട്. അവയുടെ കണക്കെടുത്താൽ ഈ സ്ഥിതി എത്രമാത്രം സ്ഫോടനാ ത്മകമാണെന്ന് മനസ്സിക്കാൻ സാധിക്കും. വിദേശ സഞ്ചാരികളെ നായ്ക്കൾ ആക്രമിക്കുന്ന സംഭവങ്ങളും വിരളമല്ല. വിദേശ സഞ്ചാമേഖലയ്ക്ക് ഇത് വലിയ തിരിച്ചടിയാണ്. വളർത്തു മൃഗങ്ങളെയും കുട്ടികളെയും ആക്രമിച്ച് ജീവഹാനി വരുത്തുന്ന സംഭവങ്ങളും നിരവധിയാണ്. വന്ധ്യംകരണംപോ ലുള്ള പരിഹാര നടപടികൾ ഒന്നുംതന്നെ പര്യാപ്തമായിട്ടില്ല എന്നുമാത്രമല്ല പരാജയപ്പെട്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ പ്രായോഗികമായ പരിഹാര നടപടികൾ അടിയന്തരമായി ഉണ്ടാകണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, തെരുവുനായ്ക്കളുടെ അനിയന്ത്രിതമായ വർദ്ധനയും ശല്യവും മനുഷ്യ ജീവന് ഭീഷണിയായ സാഹചര്യത്തിൽ അവയെ നിയന്ത്രിക്കുന്നതിന് പ്രായോഗികവും ശാസ്ത്രീയവുമായ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവ ശ്യമായിരിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 50575 ആളുകൾ സർക്കാർ ആശുപത്രികളിൽ മാത്രം ചികിത്സ തേടിയത് ഇതിന്റെ ഗൗരവത്തെ യാണ് കാണിക്കുന്നത്. ഇവരിൽ 6 പേർ പേ വിഷബാധയെത്തുടർന്ന് മരിക്കു കയും ചെയ്തിട്ടുണ്ട്. തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹുമാനപ്പെട്ട

സുപ്രീംകോടതി തടഞ്ഞിരിക്കുകയാണ്. നായ്ക്കളെ കൊല്ലുന്നത് Prevention of Cruelty Animal Act, 1982 പ്രകാരവും ഭരണഘടന അനുസരിച്ചും ശിക്ഷാർഹമായ കുറ്റമാണ്. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control Dogs Rules പ്രകാരം വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം, ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ ലോക്കൽ അതോറിറ്റികളുടെയും ജന്തു സംഘടനകളുടെയും പങ്കാളിത്തത്തോടെ തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തിയും രോഗപ്രതിരോധ കുത്തിവയ്പ് നൽകിയും വിട്ടയയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പേ വിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. പേ വിഷബാധയ്ക്കെതിരെ ഐ.ഡി.ആർ.വി, എ.ആർ.വി മരുന്നുകൾ സൗജന്യമായി സർക്കാർ ആശുപത്രികൾവഴി വിതരണം ചെയ്യുന്നുണ്ട്. പൊതുജനങ്ങൾക്കും വാഹന ഗതാഗതത്തിനും ഭീഷണിയുണ്ടാക്കുന്നതും തെരുവുകളിൽ അലഞ്ഞ് തിരിയുന്നതും ഉടമസ്ഥർ ഉപേക്ഷിച്ചതുമായ നായ്ക്കളെ ഭക്ഷണവും ചികിത്സയും നൽകി നഗരസഭകളുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ കെന്നൽ ക്ലബ്ബ് മോഡലിൽ സംരക്ഷിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. കേരളത്തിൽ ഏകദേശം അഞ്ച് ലക്ഷത്തിലധികം വരുന്ന സ്ട്രേ ഡോഗ്സ് ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. മൂന്ന്

കെന്നലുകളിലായി അവയെ സംരക്ഷിക്കുന്നതിനുള്ള ഒരു ഡി.പി.ആർ ഉണ്ടാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

## പുതിയ പാലം

ശ്രീ. സി.പി. മുഹമ്മദ്: സർ, എന്റെയും നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയുടെയും നിയോജകമണ്ഡലത്തിന്റെ മധ്യത്തിൽക്കൂടി പോകുന്ന കുന്തിപ്പുഴയിൽ പാലോളികുണ്ടിലും മപ്പാട്ടുകര പുറമത്രയിലും ഒരു പാലം നിർമ്മിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത അങ്ങയെ ബോധ്യപ്പെടുത്തുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന കുന്തിപ്പുഴയ്ക്ക് കുറുകെ മപ്പാട്ടുകരയിലും പാലോളികുണ്ടിലും പാലങ്ങൾ നിർമ്മിക്കുന്നത് നബാർഡിന്റെ പദ്ധതിയിലുൾപ്പെടുത്തി 28–04–2012-ൽ യഥാക്രമം 1400 ലക്ഷം രൂപയുടെയും 900 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾക്ക് in principle സാങ്ഷൻ നൽകി ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈനുള്ള വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. ഇവ പൂർത്തിയാകുന്ന മുറയ്ക്ക് പാലങ്ങളുടെ നിർമ്മാണത്തിനുള്ള അനന്തര നടപടികൾ സ്വീകരിക്കും.

## ജീവനക്കാരുടെ പുനർവിന്യാസം

ഡോ. ടി.എം. തോമസ് ഐസക്: സർ, പൊതുമരാമത്ത് വകുപ്പിൽനിന്ന് 374 ജീവനക്കാരെ പുനർവിന്യാസം നടത്തുന്നതിന് ഇപ്പോൾ നിയമപരമായ

തടസ്സമില്ല, കോടതി അവരുടെ അപ്പീൽ തള്ളിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പരാതി പരിശോധിച്ച് പി.ഡബ്ല്യൂ.ഡി സെക്രട്ടറി ഉത്തരവുമിറക്കിയിട്ടുണ്ട്. എത്രയും പെട്ടെന്ന് ജീവനക്കാരുടെ പുനർവിന്യാസം നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. പുനർവിന്യാസത്തിന് എതിരല്ലായിരുന്നു. പക്ഷേ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ചില വിധികളുടെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസം താല്കാലികമായി തടഞ്ഞുവച്ചത്. അത് പരിശോധിച്ച് വേണ്ടത് ചെയ്യുന്നതാണ്. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയുമൊക്കെ ശക്തിപ്പെടുത്തുക എന്നതാണ് പൊതുമരാമത്ത് വകുപ്പിന്റെ നിലപാട്.

## പാലത്തിന് അപ്രോച്ച് റോഡ്

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, എന്റെ മണ്ഡലത്തിലെ ആല-ഗോതുരുത്ത് പാലത്തിന്റെ നിർമ്മാണം 2008-ൽ ആരംഭിച്ചതാണ്. 80 ശതമാനം പണിയും പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. അപ്രോച്ച് റോഡിന്റെ അലൈൻമെന്റിൽ വന്ന മാറ്റത്തെ തുടർന്ന് അതിന്റെ ഡിസൈൻ

മാറ്റുന്നതിനുവേണ്ടി തീരുമാനിച്ചു. അന്ന് പി.ഡബ്ല്യൂ.ഡി ഒരു സ്വകാര്യ ഔട്ട് സോഴ്സ് ചെയ്തുകൊണ്ടാണ് ആ ഡിസൈൻ തയ്യാറാക്കിയത്. അത് പിന്നീട് പി.ഡബ്ല്യൂ.ഡി തന്നെ ഒബ്ജക്ട് ചെയ്തതിനെത്തുടർന്ന് ഡ്രിക്-നെ ഏൽപ്പിക്കുകയും അതിന്റെ ഡിസൈൻ ലഭിക്കുന്നതിന് ഒന്നര വർഷത്തോളം വൈകുകയും അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ അതിൽ 18 ശതമാനത്തിലധികം വർദ്ധനവ് വരികയും ചെയ്തതിനെത്തുടർന്ന് കോൺട്രാക്ടർ ആ പണി നിർത്തിവച്ചിരിക്കുകയുമാണ്. നൂറുകണക്കിന് കുടുംബങ്ങൾ താമസിക്കുന്ന പ്രദേശമാണത്. ഇപ്പോൾ അവിടെയുള്ളവർ സഞ്ചരിക്കുന്ന പഴയ പാലം ഏത് സമയത്തും തകർന്നുവീഴാനിടയുണ്ട്. മഹാദുരന്തംതന്നെ സംഭവിക്കാനിടയുള്ള സാഹചര്യമാണുള്ളത്. അതുകൊണ്ട് അങ്ങ് എത്രയും പെട്ടെന്ന് ഇടപെട്ട് ഒരു മീറ്റിംഗ് വിളിച്ചിട്ടാണെങ്കിലും ആ പാലത്തിന്റെ പണി പുനരാരംഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, അങ്ങിവിടെ ഉന്നയിച്ച സബ്മിഷനിലെ കാര്യങ്ങൾ വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്. ഡിസൈൻ പൂർത്തിയായിട്ടുണ്ട്. 742 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് പ്രത്യേക യോഗം വിളിച്ച് ഇതിന്റെ നടപടികളുമായി മുന്നോട്ട് പോകാം.

## ദേശീയപാത മീഡിയനുകളിലെ വഴിവിളക്കുകൾ

<u>ശ്രീ. എ.എം. ആരിഫ്</u>: സർ, അരൂർ മുതൽ തങ്കിക്കവല വരെയുള്ള ദേശീയ പാതയിൽ നാലുവരിപ്പാത നിലവിലുള്ള സ്ഥലമാണ്. നാലുവരിപ്പാതയിൽ മീഡിയനിൽ സ്ഥാപിച്ചിരിക്കുന്ന ലൈറ്റുകളാണ് അവിടെ അപകടങ്ങൾ ഒരു പരിധിയോളം കുറച്ചുകൊണ്ടുവന്നത്. ആ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ട്രാഫിക് അതോറിറ്റിക്കോ മറ്റ് സംവിധാനങ്ങൾക്കോ എൻ. എച്ച്.–നോ ഒന്നിനുംതന്നെ യാതൊരുവിധ സൗകര്യങ്ങളോ പണമോ ഇല്ല. ആ സന്ദർഭത്തിലാണ് പഞ്ചായത്തുകളുമായി പരസ്യ ഏജൻസികൾ എഗ്രിമെന്റ് വച്ച് അവിടെ ചെറിയ പരസ്യ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് വഴിവിളക്കുകൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്. എന്നാൽ എൻ.എച്ച്. അതോറിറ്റിയുടെ ഏതോ ഉത്തരവിന്റെ ഭാഗമായിട്ടോ നിർദ്ദേശത്തിന്റെ ഭാഗമായിട്ടോ ഈ പരസ്യങ്ങളെല്ലാം എടുത്തുകളയാൻ തീരുമാനിച്ചതിന്റെ ഫലമായി ദേശീയ പാതയിൽ ഏകദേശം 24 കിലോമീറ്ററോളം ദൂരത്തിൽ വഴിവിളക്കുകൾ ഒരു മാസമായി കത്തുന്നില്ല. അവർ ആ പരസ്യം എടുത്തുകൊണ്ടുപോയി. ആ പരസ്യം ഏതെങ്കിലും തരത്തിലുള്ള അപകടത്തിന് ഹാനികരമായ നിലയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് മാറ്റി സ്ഥാപിക്കാനോ അല്ലെങ്കിൽ ക്രമീകരിച്ചു വയ്ക്കാനോ തയ്യാറായിക്കൊണ്ട് വഴിവിളക്കുകൾ പ്രവർത്തിപ്പിക്കണം. അല്ലെങ്കിൽ, ദേശീയപാത നാലുവരിപ്പാതയായതുകൊണ്ട് നിർബന്ധമായും, അവിടെ വഴിവിളക്കുകൾക്കുള്ള പകരം സംവിധാനമുണ്ടാക്കണം. പകരം സംവിധാനമുണ്ടാക്കുന്നതിന് കാലതാമസം വരുമെന്നുണ്ടെങ്കിൽ നിലവിലുള്ള സംവിധാനം തുടരാനുള്ള അനുവാദം കൊടുക്കണം. ഇത്തരത്തിൽ അപകടങ്ങൾ ഒഴിവാക്കാനുള്ള അടിയന്തരമായ ഇടപെടൽ ദേശീയപാതാ വിഭാഗത്തിൽനിന്നുമുണ്ടാകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച്. 47-ൽ ചേർത്തല മുതൽ മണ്ണുത്തി വരെയുള്ള ഭാഗം മോഡൽ സേഫ്റ്റി കോറിഡോറായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അവിടെ പരസ്യങ്ങൾ വയ്ക്കുന്നതുമൂലം ഡ്രൈവർമാരുടെ ശ്രദ്ധ ഡീവിയേറ്റ് ചെയ്തുപോകുന്നുവെന്നുള്ള പരാതി ലഭിക്കുകയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഇത്തരത്തിലുള്ള പരസ്യങ്ങൾ നിരുത്സാഹപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ സംഭവിച്ചത്. പരസ്യങ്ങളില്ലാതെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദമുണ്ട്. പരസ്യങ്ങളുടെ കാര്യത്തിൽ ചില സ്പെസിഫിക്കേഷനുകളുണ്ട്. ആ സ്പെസിഫിക്കേഷനുകളിലുള്ള പരസ്യങ്ങൾ വച്ചുകൊണ്ട് വഴിവിളക്കുകൾ സ്പോൺസർ ചെയ്യാൻ തയ്യാറുള്ളവരുണ്ടെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയോട് ഏറ്റെടുത്ത് ചെയ്യാൻ പറയാം. വലിയ പരസ്യങ്ങൾ വച്ചാൽ റോഡ് അപകടങ്ങൾ വർദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കാം.

## പാലം നിർമ്മാണത്തിന് റീടെണ്ടർ

ശ്രീ. വി. പി. സജീന്ദ്രൻ: സർ കുന്നത്തുനാട്-പിറവം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരംകടവ് പാലം ഏകദേശം 80 ശതമാനം പണി പൂർത്തിയാക്കിയിരിക്കുകയാണ്. അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ താമസിച്ചതുകൊണ്ടാണ് സമയത്ത് പണി പൂർത്തിയാക്കാൻ കഴിയാതിരുന്നത്. ഇപ്പോൾ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികളിൽ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. സാധനസാമഗ്രികളുടെ വില വർദ്ധനവും അതുപോലെ പി.ഡബ്ല്യു.ഡി റേറ്റും വർദ്ധിപ്പിച്ചതുമൂലം കോൺട്രാക്ടർ പണി

ഉപേക്ഷിച്ച് പോയി. 9 കോടി രൂപ മുടക്കി വകയിരുത്തിയ കോരംകടവ് പാലം റീടെണ്ടർ ചെയ്ത് പാലത്തിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കുന്നത്തുനാട്–പിറവം നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരംകടവ് പാലത്തിന്റെ കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോവുകയാണുണ്ടായത്. പുതിയ എസ്.ഒ.ആർ. നിലവിൽ വന്നിട്ടുണ്ട്. അതനുസരിച്ച് റീ–ടെണ്ടർ ചെയ്ത് പാലത്തിന്റെ പണി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ബൈപ്പാസ് നിർമ്മാണം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് പട്ടണത്തിന് സമാന്തരമായി മംഗലം–ഗോവിന്ദാപുരം സംസ്ഥാന പാതയിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭരണാനുമതി നൽകിയതാണ്. നെൽവയലുകളിലൂടെയാണ് ബൈപ്പാസ് നിർമ്മിക്കുന്നത് എന്നതുകൊണ്ട് സ്ഥലമെടുപ്പ് നടപടി സങ്കീർണ്ണമാണ്. ഇതു സംബന്ധിച്ചുള്ള അനുമതി ലഭ്യമായി, സ്ഥലമെടുപ്പ് നടപടി പൂർത്തിയായി വരുന്നു. അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കൊല്ലങ്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വേണ്ടി ബൈപ്പാസ് നിർമ്മാണം ആരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ബൈപ്പാസാണ്. തണ്ണീർത്തട സംരക്ഷണ സമി

തിയുടെ അനുവാദം ലഭിക്കാത്തതുകൊണ്ടാണ് ഭൂമി ഏറ്റെടുക്കൽ നടപടി വൈകിയത്. ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുവാദം കിട്ടി, നടപടികൾ പുരോഗമിച്ചുവരികയാണ്. ആവശ്യമായി വന്നാൽ വളരെ താമസിയാതെ ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിച്ചുകൂട്ടി ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പാലം നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽലെ പ്രധാനപ്പെട്ട പാലമാണ് പഴുവിൽ പാലം. ശ്രീ. വി. എസ്. സുനിൽകുമാർ എം.എൽ.എ. യുടെ വളരെ ശ്രമകരമായിട്ടുള്ള ഇടപെടലിന്റെ ഭാഗമായാണ് 2.5 കോടി രൂപ ആ പാലത്തിന്റെ നിർമ്മാണത്തിനായി അനുവദിച്ചത്. അതിന്റെ ഡിസൈനും മറ്റും തിരുവനന്തപുരത്തുള്ള ഡ്രിക്-നെ ചുമതലപ്പെടുത്തിക്കൊടുത്തിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം ഏതുവരെയായി എന്നറിയാൻ ആഗ്രഹമുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പാലം വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ ഡിസൈൻ പ്രവർത്തന നടപടികൾ ഡ്രിക് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഡിസൈൻ ലഭിക്കും. ഡിസൈൻ ലഭിച്ചാൽ 2013 മാർച്ച് മാസത്തിൽത്തന്നെ ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും. പാലത്തിന്റെ പണി ഉടൻ ആരംഭിക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

## പാലം പണി പൂർത്തീകരണം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തല നഗരത്തിന്റെയും നഗരത്തിന്റെ വടക്കൻ പ്രദേശങ്ങളുടെയും വളർച്ചയ്ക്ക് സുപ്രധാനമായ പങ്ക് വഹിക്കേണ്ട ഒന്നാണ് നെടുമ്പ്രക്കാട്-വിളക്കുമരം പാലം. 2001-ൽ നിർമ്മാണമാരംഭിച്ച ഈ പാലത്തിന്റെ നിർമ്മാണ ജോലികൾ പകുതിവഴിയിൽ എങ്ങുമെത്താതെ നിറുത്തിവയ്ക്കേണ്ടിവന്നു. അപ്രോച്ച് റോഡിനുള്ള സ്ഥലത്തിന്റെ അക്വസിസിഷൻ വിഷയമാണ് നേരത്തേ ഉണ്ടായിരുന്നതെങ്കിൽ രണ്ട് വർഷങ്ങൾക്ക് മുമ്പ് മുഴുവൻ സ്ഥലത്തിന്റെയും അഡ്വാൻസ് കൺസന്റ് വാങ്ങി റവന്യൂ-പൊതുമരാമത്ത് അധികാരികളെ ഏൽപ്പിച്ചതാണ്. പക്ഷേ, ഇതുവരെ ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ റീ-ടെണ്ടർ നടപടികളോ മറ്റ് കാര്യങ്ങളോ ആയിട്ടില്ല. എത്രയും വേഗം ആ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, വിളക്കുമരം പാലത്തിന്റെ പണി 15-01-05-ൽ ആരംഭിച്ചതാണ്. അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ പണി പൂർത്തീകരിക്കാൻ സാധിച്ചില്ല. 22 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചശേഷം അഡ്വാൻസ് പൊസഷൻ ലഭിച്ചിട്ടുണ്ടെങ്കിൽ ഭരണാനുമതി കൊടുക്കുന്ന കാര്യം ഗൗരവമായി പരിഗണിച്ച് ഭരണാനുമതി കൊടുക്കാം.

**കേന്ദ്രസഹായം ലഭ്യമാക്കൽ**

<u>ശ്രീ. പി. സി. ജോർജ്</u> : സർ, നമ്മുടെ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് കേന്ദ്രഗവൺമെന്റ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി പണം അനുവദിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ള ആ പണം വാങ്ങിയെടുക്കുന്നതിൽ നമ്മുടെ സംസ്ഥാന ഗവൺമെന്റ് 100 ശതമാനം വിജയിച്ചിട്ടില്ലെന്ന സങ്കടമാണ് എനിക്ക് പറയാനുള്ളത്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഈ പണം വാങ്ങിയെടുക്കുന്നതിന് ഒരു മടിയും കാണിക്കേണ്ട കാര്യമില്ല. ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ഈ ആനുകൂല്യം വാങ്ങിയെടുക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : സർ, ന്യൂനപക്ഷസമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ നൽകിവരുന്ന ധനസഹായം ലഭിക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 2012–13–ൽ പത്രപ്പരസ്യം നൽകിയിരുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിന് 2012 സെപ്റ്റംബർ 21–ാം തീയതി വൈകുന്നേരം 5 മണിവരെ സമയവും അനുവദിച്ചിരുന്നു. ഇതിനെത്തുടർന്ന് 14 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 434 അപേക്ഷകൾ യഥാസമയം ലഭിക്കുകയും 15 അപേക്ഷകൾ വൈകി ലഭിക്കുകയും ചെയ്തു. അപേക്ഷകളുടെ നടപടിക്രമങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 18.1.2013–ൽ സ്റ്റേറ്റ് ലെവൽ ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി വിളിച്ചുകൂട്ടുകയുണ്ടായി. അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമായി 27.2.13–ൽ അടുത്ത ഗ്രാന്റ് ഇൻ എയ്ഡ്

കമ്മിറ്റി കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്മിറ്റി അംഗീകരിക്കുന്ന അപേക്ഷകൾ യഥാസമയം തന്നെ കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ചുകൊടുക്കുകയാണ് പതിവ്. കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി പരിശോധിച്ച്, അംഗീകരിച്ച് ധനസഹായം അനുവദിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന മുറയ്ക്കാണ് കാലതാമസം കൂടാതെ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത് ചെലവഴിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതിയും നൽകുന്നുണ്ട്. ഈ നടപടിക്രമം അനുസരിച്ചാണ് കഴിഞ്ഞ വർഷം (2011–12) 123 സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 27.097 കോടി രൂപ വിതരണം ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഭരണാനുമതി നൽകുകയും തുക വിതരണം ചെയ്യുന്ന നടപടി അന്തിമഘട്ടത്തിലുമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന സഹായം നഷ്ടപ്പെടാതെ അർഹതപ്പെട്ട സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സമയബന്ധിതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.